KOTTAYAM PUBLIC LIBRARY

Call No. 1779 Acc. No. 84198

Author വിക്ടർ ഹ്യൂഗോ

Title [illegible]

# ഉന്തുവണ്ടി

D. M.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE.

1051

DH 2203

# ഉന്തുവണ്ടി

(കഥകൾ)

KOTTAYAM PUBLIC LIBRARY
84198
KOTTAYAM.

ഹിന്ദിമാസ്റ്റർ
വിദ്വാൻ എസ്സ്. ചിദംബരം പിള്ള,
ആർ. ബി. വിശാരദ്,
കാഞ്ഞിരപ്പള്ളി.

1956
നവംബർ 1.
12 ണ.

Published by the Author.

പകർപ്പവകാശം ഗ്രന്ഥകാരന്.

1–ാംപതിപ്പ് 1000 കോപ്പികൾ.

MF9
Chi.u

THE KOTTAYAM PUBL
KOTTAYAM.
TRAVANCORE.

# ഞാനൊന്നു പറഞ്ഞോട്ടെ

സരസ്വതീദേവിയുടെ ആശീസ്സുകളാൽ അനുഗൃഹീതരായ സാഹിത്യകാരന്മാരുടെ സുവർണ്ണകരങ്ങൾ കൊണ്ടു് അലങ്കരിക്കപ്പെട്ടതാണു് മലയാളഭാഷാ മലർവാടി. അങ്ങോട്ടു് ഭംഗിയില്ലാത്ത ഒരുന്തുവണ്ടി ഉരുട്ടിക്കയററുന്നതു് അനൗചിത്യമായിരിയ്ക്കാം.

തന്നെയുമല്ല ഹെലികോപ്ററർ, റോക്കററ് മുതലായ പലയിനം വിമാനങ്ങളെക്കൊണ്ടു് വാനവും ഭൂമിയും നിറക്കുവാൻ ശാസ്ത്രജ്ഞന്മാർ വെമ്പൽ കൊള്ളുമ്പോൾ അദ്ധ്വാനത്തിന്റെയും പഴമയുടെയും പ്രതിഫലനമായ ഉന്തുവണ്ടി ആർക്കും ഇഷ്ടപ്പെടുമെന്നു തോന്നുന്നില്ല.

എന്നിരുന്നാലും ഉന്തുവണ്ടിയും അതിന്റെ നിമ്മാതാവും മുമ്പോട്ടു നീങ്ങുവാൻ ആഗ്രഹിക്കുന്നെങ്കിൽ സജ്ജനങ്ങൾ കഴിയുന്നതുപോലെ സഹായിക്കുക.

ഗ്രന്ഥകത്താവു്.

“ഉന്തുവണ്ടി”യിൽ

വിധിയുടെ വികൃതി.

തോമാസാറ്.

ഫുല്ലമാല്യകൾ.

ബാല്യകാലസഖി.

വിരുതൻ ശങ്കു.

മലയാളികളുടെ ചിരാഭിലാഷമായ

**കേരളപ്പിറവിയുടെ**

ഓർമ്മകൾ.

# ഉന്തുവണ്ടി

കുഞ്ഞുരാമൻ ചന്തയിൽ ചെന്നതിനുശേഷമേ ബാലസൂര്യൻ ലോകം കാണുകയുള്ളു. എന്നും വെള്ളം കോരിക്കൊടുക്കുന്ന രണ്ടു മൂന്നു ചായക്കടകൾ ഉണ്ടു്. കൈകളിൽ മൺകുടങ്ങളും എടുത്തു് ഒരു ഫർലോംഗ് അകലെയുള്ള ചന്തക്കിണററിൽനിന്നും വെള്ളം കൊണ്ടുവരാൻ പോകും. എട്ടുമണിയാകുമ്പോഴേയ്ക്കു് പാത്രങ്ങൾ എല്ലാം നിറച്ചു കഴിയും. പിന്നീടു പല്ലുതേച്ചു് കാപ്പികുടിക്കും.

ദരിദ്രനാണെങ്കിലും കുഞ്ഞുരാമൻ അദ്ധ്വാനത്തിന്റെ സന്തതസഹചാരിയാണു്. കീറാത്ത വിറകുമുട്ടികളും മററും തല്ലിക്കീറുന്നതിനു പ്രത്യേകമായ ഒരു പാടവവും സാമർത്ഥ്യവുമയാൾക്കുണ്ടു്. വിനയവും വിവരവും ഉള്ള ഒരു നല്ല വേലക്കാരനാണു്. എല്ലാവരും അയാളെ സ്നേഹിക്കുന്നു. കൊടുക്കുന്നതു വാങ്ങിക്കും. കണക്കൊന്നും പറയുകയില്ല. രാത്രി എട്ടുമണി

വരെ ചന്തയിൽ ചുററിനടന്നു് ചില്ലറപ്പണികൾ പല ൎക്കും ചെയ്തുകൊടുക്കും. പലയിടങ്ങളിലേയും പതിവു കാരനായിത്തീൎന്ന കുഞ്ഞുരാമൻ സ്നേഹത്തിൻെറയും സേവനത്തിൻെറയും വെളിച്ചപ്പാടായിരുന്നു. പണ ത്തിനാഗ്രഹമുണ്ടായിരുന്നെങ്കിലും അത്യാൎത്തി കുറ വായിരുന്നു.

മററു വേലക്കാരേപ്പോലുള്ള കണ്ടമാനച്ചെലവുകൾ ഒന്നും തന്നെ അയാൾക്കില്ല. കിട്ടുന്നതിൻെറ ഒരു ഭാ ഗംകൊണ്ടു് സഹോദരിയും താനും നിത്യതയ്ക്കു ചെ ലവുചെയ്തതിൻെറ ബാക്കി മിച്ചം വയ്ക്കും. അഞ്ചുരു പാ തികയുമ്പോൾ അയാൾ വീട്ടിലെ പാപ്പിച്ചേട്ട നെ ഏല്പിക്കും. അതിൽ ഒരു പ്രത്യേക ഉദ്ദേശ്യമുണ്ടു്.

അച്ചൻ മരിച്ചപ്പോൾ കുഞ്ഞുരാമനും സഹോദ രിക്കും അഞ്ചും, മൂന്നും വയസ്സുവീതമേ പ്രായമുണ്ടായി രുന്നുള്ളു. അടുത്തവീടുകളിലെ കലം തേച്ചും നെല്ലു കുത്തിയുമാണു് നിരാധാരയായ മാതാവു് ആ സന്താ നങ്ങളെ വളൎത്തിയതു്. മകനെയെങ്കിലും പള്ളിക്കൂട ത്തിൽ അയയ്ക്കണമെന്നു് അവർ ആഗ്രഹിച്ചു. കുഞ്ഞു രാമനു് അതിഷ്ടമല്ലായിരുന്നു. അമ്മയെക്കൊണ്ടുത ന്നെ കൂലിവേല ചെയ്യിക്കുന്നതു് ന്യായമായിട്ടു തോ ന്നിയില്ല. കഷ്ടിച്ചു് ഏഴുവയസ്സു പ്രായമായപ്പോൾ അമ്മയേപ്പോലെ ജോലി ചെയ്യാൻ തുടങ്ങി.

എടുക്കാവുന്നിടത്തോളം പുല്ലുപറിച്ചു് വീടുകൾ തോറും കൊടുക്കും. കിട്ടുന്ന കാശു് അമ്മയെ ഏൽപി

കളം. അങ്ങിനെ അമ്മയും മകനുംകൂടി വിയർപ്പുതുള്ളി കൾ വിറവണ്ടാക്കിയതിൽ മിച്ചമുണ്ടായിരുന്ന സംഖ്യ അതിൻെറ പര്യായമാണ് ചുരുണ്ടു കിടക്കുന്ന തുണ്ടു പുരയിടം.

രണ്ടു കൊല്ലത്തിനു മുമ്പ് തള്ള ജീവിതഭാരം ഇറക്കിവച്ചു. അങ്ങിനെ അഛനില്ലാതെ വളർന്ന കുഞ്ഞു രാമനും, കൊച്ചുസഹോദരിയും അമ്മയില്ലാത്തവരുമായി.

"കഴിവില്ലം കവിഞ്ഞു് പാടുപെട്ടതുകൊണ്ടാണ് അവർ പെട്ടെന്നു മരിച്ചതു്; ഇല്ലെങ്കിൽ കുറേനാൾ കൂടി ജീവിച്ചിരുന്നേനെ".

അലിവും സ്നേഹവുമുണ്ടായിരുന്നവരുടെ അഭിപ്രായമാണ്. അതുകേട്ട് കുഞ്ഞുരാമൻെറ ഉള്ള് ഉരുകി ഒഴുകി. സഹോദരി കവിൾത്തടങ്ങളിൽകൂടി കണ്ണുനീരുകൊണ്ടു് കൊച്ചുചാലുകൾ തീർത്തു.

സ്നേഹസമ്പന്നയായ മാതാവിൻെറ അടങ്ങാത്ത ആഗ്രഹമായിരുന്നു ഏക പുത്രിയെ പട്ടിണികിടക്കാത്തിടത്തെവിടെയെങ്കിലും അയയ്ക്കണമെന്നുള്ളതു്. കുഞ്ഞുപെങ്ങൾ എന്നു പറഞ്ഞാൽ കുഞ്ഞാങ്ങളയായ കുഞ്ഞുരാമൻെറ ജീവിതലക്ഷ്യമായിരുന്നു.

പന്ത്രണ്ടു വയസ്സുള്ള സഹോദരിയുടെ വിവാഹം ഒരാറുകൊല്ലംകൂടി കഴിയുമ്പോഴെങ്കിലും നടത്തണം. നാലുപേരറിഞ്ഞാൽ പഴിക്കാത്തവിധത്തിൽ വല്ലതും

കൊട്ടക്കണം. അതിനുവേണ്ടി കൊണ്ടുപിടിച്ച പണി യെടുക്കുകയാണ്.

മുമ്പാണെങ്കിൽ വീട്ടുതോറും നടന്ന് പണിയെടുക്കുവാൻ കുഞ്ഞുരാമൻ മാത്രമെ ഉണ്ടായിരുന്നുള്ളൂ. ഇന്നു പലരും അയാളെ ഉപദ്രവിക്കുവാൻ തുടങ്ങിയിട്ടുണ്ട്. അതോടുകൂടി വരവും കുറഞ്ഞുവന്നു.

അയാൾ അടവൊന്നുമാററി. കുറേശ്ശ ചുമട്ടു ചുമക്കുവാൻ ആരംഭിച്ചു. അതിനും വലിയ സ്ഥാനമൊന്നും കിട്ടിയില്ല. ആഴ്ചയിൽ രണ്ടുദിവസത്തെ ചന്തയേ ഉള്ളൂ. അന്ന് പുഞ്ചവെളുപ്പുമുതൽ പണിയാൻ തുടങ്ങിയാൽ പാതിരായാകുന്നതിനകം കുറച്ചു കാശു കിട്ടും. അങ്ങിനെ ആഴ്ചയിൽ രണ്ടുദിവസം അത്യദ്ധ്വാനം ചെയ്താൽ ഏഴുദിവസത്തെ ചെലവിനു തികയുകയില്ല. തുടർച്ചയായുണ്ടാകാവുന്ന കമ്മിബഡ്ജററിന്റെ മുമ്പിൽ അമ്പരന്നു നിൽക്കുന്ന ഭരണാധികാരിയേപ്പോലെ കുഞ്ഞുരാമൻ പരിഭ്രമിച്ചു. അവർക്കാണെങ്കിൽ കുറെ ടാക്സെങ്കിലും കുത്തിപ്പൊക്കിക്കൊണ്ടുവരാം. കുഞ്ഞുരാമൻ കൂലി കൂട്ടിയാൽ "ഉള്ള കഞ്ഞിയിലും പാററാ വീണു"പോകും.

ഒരു കൊല്ലത്തിനകം പെങ്ങളുടെ കല്യാണം മംഗളമായിട്ടുതന്നെ നടത്തണം. അതിനകം കൈവശമുള്ളതിന്റെ ബാക്കി ഉണ്ടായേ തീരൂ.

ആ അല്പജ്ഞന്റെ ആവശ്യവും ബുദ്ധിയും തമ്മിൽ നിരന്തരമായ സമരംതന്നെ ആരംഭിച്ചു. ദുർ

ഗാത്രനായ കുഞ്ഞുരാമൻ, ഞെട്ടറ്റ് വെയിലത്തു കിടക്കുന്ന പച്ചിലപോലെ തളർന്നുതുടങ്ങി. സ്നേഹമുള്ളവർ ചിലപ്പോഴൊക്കെ കാരണം അന്വേഷിക്കും. ഒന്നും പറയാതെ നടന്നുകളയും. ആകപ്പാടെ ഒരു അരുതായ്മ. മരുന്നുകിട്ടാതെ വിഷമിക്കുന്ന മഹാരോഗിയെപ്പോലെ അയാൾ അമ്പരന്നു.

പരിസരങ്ങളിൽനിന്നും വല്ല മാർഗ്ഗവും തേടിപ്പിടിയ്ക്കാമോ എന്ന് ഇടയ്ക്കിടയ്ക്ക് അയാൾ തല പുകഞ്ഞ് അന്വേഷിച്ചു. അതിന്റെ ഫലമായി ഒരു യുക്തി കണ്ടു.

ചുററുപാടുമുള്ള പ്രദേശങ്ങളിലെ ചില്ലറവ്യാപാരികൾ ചന്തദിവസം ചരക്കെടുക്കാൻ വരും. ചിലരൊക്കെ കാളവണ്ടികളുമായിട്ടാണ് വരവ്. ബാക്കിയുള്ളവർ ഒരു വണ്ടിനിറയെ സാമാനം തനിയെ വാങ്ങുവാൻ കഴിവില്ലാത്ത നക്കാപ്പിച്ചക്കാരാണ്. അവർ മൂന്നും നാലും പേർ ചേർന്ന് ഒരു വണ്ടി വാടകയ്ക്ക് എടുക്കും.

അവിടെയാണ് കുഞ്ഞുരാമന്റെ ബുദ്ധിശക്തി രൂപം പ്രാപിച്ചതു്. ഒരു വണ്ടിയും അതിനുള്ള കാളകളും സ്വന്തമായാൽ അതൊരു നല്ല മാർഗ്ഗമാണ്. പക്ഷേ, കണക്കുകൂട്ടിയപ്പോൾ തുക തികയുകയില്ല. ആയിടക്ക് തൊഴിൽ തുലോം കുറവായിരുന്നതുകൊണ്ട് നീക്കിയിരിപ്പിന്റെ ഒരു ഭാഗം ചെലവായിപ്പോയി. ഉത്രാടം കഴിഞ്ഞല്ലേ ഓണം ഉണ്ണുന്നതു്.

ആ തടസ്സത്തിന്റെ മുമ്പിലും ബുദ്ധി, മുട്ടുകുത്തിയില്ല. തൽക്കാലത്തേക്കു് ഒരു ഉന്തുവണ്ടി വാങ്ങി. ഒരാളെ കൂലിക്കെടുത്താൽ ചന്ത ദിവസം നാലുവണ്ടി ചരക്കെങ്കിലും ഇറക്കാൻ സാധിക്കും. ചില്ലറ പണികളൊക്കെ ഇടദിവസങ്ങളിൽ തനിയെയും ചെയ്യാം. അയൽവീട്ടിലെ പരമുവിനെ അഭിപ്രായം അറിയിച്ചു. അയാൾക്കിതു വളരെ ഇഷ്ടമായി തോന്നി.

അന്നു വൈകിട്ടുതന്നെ പാപ്പിച്ചേട്ടനോടു് പണവും വാങ്ങി ഉന്തുവണ്ടിക്കുപോയി. ഇഷ്ടപ്പെട്ട ഒരെണ്ണം ദൈവാധീനത്തിനു് മിതമായ വിലയ്ക്കു കിട്ടുകയും ചെയ്തു.

ആ പുതിയ കണ്ടുപിടുത്തം പ്രതീക്ഷയിൽ കവിഞ്ഞു വിജയിച്ചു തുടങ്ങി. കുറഞ്ഞപക്ഷം കുഞ്ഞുരാമനും പരമുവും കൂടി ആറുവണ്ടി ചരക്കിറക്കും. സമ്മതിച്ച കൂലി കൂട്ടുകാരനുകൊടുക്കും. ബാക്കി ഒരു കാശുമെടുക്കാതെ പാപ്പിച്ചേട്ടനെ ഏല്പിച്ചു. ഒരു പണിയും കിട്ടാതെ വിഷമിച്ച പരമുവിനും അതൊരനുഗ്രഹമായിത്തീർന്നു.

ഇടദിവസങ്ങളിൽ കുഞ്ഞുരാമൻ ഒരു വ്യാപാരിയാകും. കുടികളിൽ നടന്നു് മാവു്, മരുതി മുതലായ മരങ്ങൾ വാങ്ങി വെട്ടിക്കീറി വണ്ടിയിൽ അടുക്കും. ചന്തയിൽകൊണ്ടുവന്നു് നല്ല വിലയ്ക്കു വില്ക്കും. ശരാശരി ദിവസം രണ്ടുവണ്ടി വിറകു ചെലവായി വന്നു. ആകപ്പാടെ അയാളുടെ പ്രവർത്തനത്തിൽ മററുള്ളവർ

അസൂയാലുക്കളായി. ആത്മാർത്ഥതയുള്ളവർമാത്രം അനുഗ്രഹിക്കുകയും പ്രയത്നശീലത്തെ പുകഴ്ത്തുകയും ചെയ്തു.

കുഞ്ഞുരാമന്റെ പ്രതീക്ഷ നിറവേറുവാൻ കണക്കനുസരിച്ച് വെറും രണ്ടു മാസങ്ങളെ ബാക്കിയുള്ളൂ. വളരെ മുമ്പുതന്നെ പല സ്ഥലങ്ങളിലും ആലോചന തുടങ്ങിയതാണ്. ആവശ്യമുള്ള ആഭരണങ്ങൾ തരത്തിലധികമായി ഉണ്ടാക്കിച്ചുകഴിഞ്ഞു.

ഒന്നുരണ്ടുകൂട്ടർ തികച്ചും ആയിരം രൂപാ തന്നെ ചോദിച്ചു. അയാൾ അല്പം അല്ല, വല്ലാതെ വിഷമിച്ചു. പരമാവധി അഞ്ഞൂറുരൂപായും ആഭരണവും. അതിൽ കവിഞ്ഞു പ്രതിക്ഷിച്ചിരുന്നതല്ല. എന്നാൽ തന്നെ കല്യാണച്ചെലവു വേറെ വേണം.

ഇനി അഞ്ഞൂറുരൂപാകൂടെ ഉണ്ടാകണം. രണ്ടു മാസവും ഉണ്ടു്. അതുവേണമെങ്കിൽ കഷ്ടിച്ച് ഒരാറു മാസമാക്കാം. അതിൽ കവിയാൻ സാദ്ധ്യമല്ല. അമ്മമാർക്കുതന്നെ പ്രായമായ പുത്രിമാർ ഒരു ഭാരമാണെങ്കിൽ പിന്നെ ഒററയ്ക്കു ജീവിക്കുന്ന ആങ്ങളയുടെ കാര്യം പറയാനില്ല. വെയിലിന്റെ വലയ്ക്കുന്ന ചൂടും തീയുടെ തിളയ്ക്കുന്ന ജ്വാലയും എല്ലാംതെതന്നെ ആ സ്നേഹസമ്പന്നന്റെ ഉൾക്കളം ഉരുകിത്തിളച്ചു.

ആലോചനകളുമായി വന്നതിൽ ഒരുവൻ നല്ല വ്യാപാരിയാണു്. മൂന്നേക്കറിലധികം സ്ഥലവും ന്യാ

യമായ ആദായവും ഉണ്ടു്. നല്ല സ്വഭാവം. ആവശ്യത്തിനുള്ള അഴകു്. തരക്കേടില്ലെന്നു പലരും പറഞ്ഞു. കുഞ്ഞുരാമനും അയാൾ ഒരഭയസ്ഥാനമായി അവശേഷിച്ചുകഴിഞ്ഞിരുന്നു.

പക്ഷേ, ബാക്കി തുകയും അടിയന്തിരച്ചെലവും ഉണ്ടാകണം. എവിട്ടുന്നുണ്ടാകാനാണു്. മററവിടെയെങ്കിലും ആലോചിക്കാം. നടക്കാത്തതിനെക്കുറിച്ചു ചിന്തിച്ചാൽ തല പുണ്ണാക്കാമെന്നല്ലാതെ മററു പ്രയോജനമില്ല.

വീണ്ടും ആലോചന തുടങ്ങി. ഒന്നും തൃപ്തിയിൽ എത്തിച്ചേരാൻ വിധി അനുവദിച്ചില്ല. ഒരുവൻ നല്ല വേലക്കാരനാണെങ്കിൽ കള്ളഷാപ്പിലെ പതിവുകാരനാണു്. അപരൻ അല്പം കിടപ്പാടമുള്ളവനാണെങ്കിൽ മടിയൻെറ "തമ്പുരാനാ"യിരിക്കും. മൂന്നാമത്തവനു് കുടുംബമഹിമ മോഷ്ടിച്ചെടുക്കണം.

ഈ കുറവുകൾ ഒന്നുംതന്നെ ഇല്ലാത്തവൻെറ കൂടെ പെങ്ങളെ അയയ്ക്കണം. ഇല്ലെങ്കിൽ "ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും" എന്നതുപോലെ, അയയ്ക്കുന്നതും അയയ്ക്കാത്തതും തുല്യമായിരിക്കും. അതായിരുന്നു ആ ആങ്ങളയുടെ ചിന്താഗതി. കുറവുകൾ ഉള്ളവനു് സംഖ്യയിൽ വലിയ നോട്ടമില്ല. എന്നാൽ കുഞ്ഞുരാമൻ സംഖ്യയെപ്പററി, കഴിവുണ്ടായിരുന്നെങ്കിൽ ഒരക്ഷരം പേശിപ്പറയുകയില്ലായിരുന്നു.

"എടാ കുഞ്ഞുരാമാ! അവക്കാ കച്ചോടക്കാരനെയാടാ പിടിച്ചതു്".

വടക്കേതിലെ നാണിപ്പെണ്ണുങ്ങൾ, കുഞ്ഞുരാമനെ പെണ്ണുങ്ങളുടെ അഭിപ്രായം അറിയിക്കുകയാണ്.

"വിധിച്ചതു നടക്കും നാണിപ്പെണ്ണുങ്ങളെ" അതിലധികം ഒന്നും അയാൾ പറയുകയില്ല.

ആദ്യത്തെ ആലോചനക്കാരുമായി ഒന്നുകൂടി ആലോചിച്ചു. ഇത്തവണ അവർ അടികൾ അല്പം പുറകോട്ടു വച്ചു. പെൺകുട്ടിയെ അവർക്കു കാഴ്ചയിലും വേഴ്ചയിലും ഇണങ്ങിയതുകൊണ്ടു്, നല്ല കുടുംബമായതുകൊണ്ടു് എഴുന്നൂററി അൻപതു് രൂപയിൽ കുറയ്ക്കാൻ സാദ്ധ്യമല്ലെന്നു് ചെറുക്കന്റെ അമ്മാവൻ തീർത്തു പറഞ്ഞു.

പിന്നെയും നിരങ്ങിനിരങ്ങി പറയാൻ കുഞ്ഞുരാമനും ഭാവിച്ചില്ല. അങ്ങിനെതന്നെ സമ്മതിച്ചു. മൂന്നാഴ്ചയ്ക്കുള്ളിലുള്ള മുഹൂർത്തത്തിൽ കല്ല്യാണവും നിശ്ചയിച്ചു.

ബാക്കി തുകയ്ക്കു് പലയിടത്തും നടന്നു. ഒരു തീരുമാനവും ഉണ്ടായില്ല. ഒടുവിൽ അമ്മയുടെ സമ്പാദ്യവും ഏകാവലംബവുമായിരുന്ന പത്തു സെൻറ സ്ഥലം വില്ക്കുന്നതിനു തന്നെ നിശ്ചയിച്ചു. പിന്നെ കല്യാണച്ചെലവു കൂടെ ഉണ്ടായാൽ മതിയായിരുന്നു. വരുന്നതു വരട്ടെ അതിനും മാർഗ്ഗമുണ്ടു്.

പറഞ്ഞിരുന്ന ദിവസം തന്നെ സ്ത്രീധനത്തുക ഏല്പിച്ചു കഴിഞ്ഞു. അങ്ങുമിങ്ങും കിട്ടാനുള്ളതെല്ലാം അത്യാവശ്യം പറഞ്ഞു വാങ്ങിച്ചു. ആകപ്പാടെ അമ്പതു

ശ്രൂപാ ഉണ്ടു്. പിന്നത്തെ മാൎഗ്ഗം ചെന്നെത്തിയതു് ജീവിതത്തിൻെറ ആധാരമായിരുന്ന ഉന്തുവണ്ടിയിലാണു്. ഒററയ്ക്കാണെങ്കിൽ പട്ടിണിയും കിടക്കാം. പെങ്ങളെ അയയ്ക്കണം. നിസ്സാരവിലയ്ക്കു് ആ വണ്ടിയും വിററു കാശു മാററി.

കല്യാണം കഴിഞ്ഞു് ഒരു മാസം കഴിഞ്ഞപ്പോൾ കുഞ്ഞുരാമൻ വീടൊഴിഞ്ഞു കൊടുത്തു. അതിനകം വിരുന്നും മററും ഭംഗിയായിട്ടു തന്നെ നടത്തി.

ഒരാഴ്ച കൂടി കഴിഞ്ഞു. വീണ്ടും അയാൾ ചില്ലറപ്പണികൾ ഒക്കെ ചെയ്തുതുടങ്ങി. പഴയതുപോലെയുള്ള പ്രയോജനമില്ല. പട്ടിണിതന്നെ മിച്ചം. അതു് ആ മനുഷ്യൻെറ ആയുസ്സിൽ ഉണ്ടായിട്ടുള്ള സംഭവമല്ല. പട്ടിണി കിടക്കുന്നതിലും ഭേദം മരിക്കുന്നതു തന്നെയാണു്. അതായിരുന്നു അയാളുടെ സിദ്ധാന്തം.

ജോലിയൊന്നുമില്ലാതെ നടക്കുകയാണു്. അതുകൊണ്ടു് പെങ്ങളുടെ വീട്ടിൽ ഒന്നു പൊയ്ക്കളയാമെന്നു തീരുമാനിച്ചു. ഒന്നര മൈൽ അകലമേയുള്ളു. വേഗം മടങ്ങിപ്പോരുകയും ചെയ്യാം.

വെറും കയ്യോടെയുള്ള കുഞ്ഞാങ്ങളയുടെ വരവു് പെങ്ങൾക്കു് അത്ര ഇഷ്ടമായില്ല. കിണ്ണൻ, കാൽപെട്ടി, നിലവിളക്കു് ഇങ്ങനെ പലതിൻേറയും നീണ്ട പട്ടിക അവളുടെ ഉള്ളിലുണ്ടു്. കാര്യം ഏതാണ്ടൊക്കെ കുഞ്ഞുരാമനും മനസ്സിലാക്കി. അതൊന്നും അറിയാൻ കഴിവില്ലാഞ്ഞിട്ടല്ലാ, എങ്കിലും ഒരു ഗ്ലാസ്സു് ചായയ്ക്കു നിവൃത്തിയില്ലാത്തവൻ എന്താണു ചെയ്യുക. മാൎഗ്ഗ

മില്ലാത്തവൻെറ മനപ്ളാൻ പോലെ അയാൾ വിഷമിക്കുകയാണ്.

ഒരു വിധത്തിൽ അവിടെ നിന്നും യാത്ര പറഞ്ഞിറങ്ങി. ചെന്നപ്പോൾമുതൽ കുഞ്ഞുരാമൻെറ ദൃഷ്ടി മുററത്തു കിടന്നിരുന്ന ഉന്തുവണ്ടിയിലായിരുന്നു. ഒന്നാംതരം ഒരു പുതിയ ഉന്തുവണ്ടി. അതിൻെറ ആവിർഭാവം എങ്ങിനെയെന്നറിയാൻ സ്വാഭാവികമായ ഒരു ജിജ്ഞാസ അയാളെ വലയം ചെയ്തു.

"കൂലിക്കു കൊടുക്കുന്നതിന് ഇന്നലെ ഞാൻ ഇവിടത്തെ ആളിനെക്കൊണ്ടു വാങ്ങിപ്പിച്ചതാ. കുഞ്ഞാങ്ങളേടെ വണ്ടിയേക്കാട്ടി നല്ലതാ."

ആ അഭിപ്രായം അതേപടി സമ്മതിപ്പാൻ അയാൾക്ക് അഭിമാനക്കുറവു തോന്നിയില്ല.

വഴിയിൽവച്ചു കുഞ്ഞുരാമൻ പലതും ചിന്തിച്ചു. പക്ഷേ അക്കാര്യം ചോദിക്കുന്നതു പോരായ്മയാണ്. സഹോദരിക്കാണതിൻെറ മാനക്കേട്. പെങ്ങളുടെ ഭർത്താവിൻെറ വീട്ടിൽ നിന്നും വണ്ടി കൂലിക്കു വാങ്ങുക ഉചിതമല്ല.

എങ്കിലും മാസം തോറും ഉള്ള കൂലി മുടങ്ങാതെ എത്തിച്ചുകൊടുത്താൽ പിന്നെ ആരും ഒന്നും കുറയ്ക്കാനില്ല. മററു മാർഗ്ഗങ്ങളൊന്നും കാണാഞ്ഞതുകൊണ്ട് കുഞ്ഞുരാമൻ തിരിച്ചുപോയി.

"വണ്ടി കിട്ടുക തന്നെ ചെയ്യും. ഒരാഴ്ചയ്ക്കകം ഒരു നല്ല നിലിളക്കം ഒരു മാസത്തെ കൂലിയും കൊടുക്ക

ണം" ചുവരില്ലാതെ അയാൾ മടങ്ങിപ്പോയവഴിക്കു് ചിത്രം വരയ്ക്കുകയാണു്.

നേരം അഞ്ചു നാഴിക ഇരുട്ടിക്കാണും. മഴ കുറേശെ ചാറുന്നുണ്ടു്. ഒരു ചെറിയ കാററും.

കുഞ്ഞുരാമൻ തിരിച്ചു ചെന്നതു് മഴയും കാററും കൊണ്ടു് പോകാനുള്ള വൈഷമ്യം കൊണ്ടായിരിക്കാമെന്നു് എല്ലാവരും ഊഹിച്ചു.

അത്താഴം ഉണ്ണാൻ ഇരുന്നിട്ടു് കഷ്ടിച്ചു് ഉണ്ടെന്നു വരുത്തി. ഉണ്ടില്ലെങ്കിൽ വണ്ടി കിട്ടിയില്ലെങ്കിലോ? മൗനം കണ്ടു് അളിയൻ വിഷമിച്ചു.

ഒരുവിധത്തിൽ തൻെറ ആഗ്രഹം കുഞ്ഞുരാമൻ അയാളെ അറിയിച്ചു. എതിരൊന്നും പറഞ്ഞില്ല. ഋണബാദ്ധ്യതകൊണ്ടു കൊട്ടമ്പിരിക്കൊള്ളുന്നവനെ അയൽക്കാരൻ വലിഞ്ഞുകേറിച്ചെന്നു സഹായിക്കുന്നതുപോലെ അച്ഛനെങ്കിലും ആ അളിയൻ കുഞ്ഞുരാമനെ ആശ്വസിപ്പിച്ചു.

ആ ഉള്ളൊന്നു തണുത്തു. മുഖം പ്രകാശിച്ചു. കലങ്ങിമറിഞ്ഞ കണ്ണുകൾ അല്പാല്പം തെളിഞ്ഞുതുടങ്ങി. സംതൃപ്തിയുടെ നന്ദനോദ്യാനത്തിലെന്നപോലെ ഒരു തണുപ്പു് ഉള്ളിൽ ഉണ്ടായി.

"എന്തുവാ പറേണെ"?

അത്താഴം കഴിച്ചുകൊണ്ടിരുന്നിടത്തുനിന്നു്കൈപോലും കഴുകാതെ എഴുന്നേററുവന്ന കുഞ്ഞുരാമൻെറ സഹോദരി ചോദിച്ചു.

"അളിയനു് നമ്മുടെ ഉന്തുവണ്ടി കൂലിക്കുവേണ മെന്നു് പറേവാരുന്നു."

"വണ്ടി, ഞാൻ അങ്ങേലെ വേലായുധനു മൂന്നു മാസത്തേക്കു കൊടുത്തു കഴിഞ്ഞു. അവൻ ഒരു മാസ ത്തെ അഡ്വാൻസും തന്നു"

അത്രയും പറഞ്ഞതിനിടയ്ക്കു് അവൾ ശ്വാസം വിട്ടിട്ടില്ല.

കൽക്കരി വെളുത്തതാണെങ്കിൽ; ആകാശം കാണേണ്ടതു് കീഴ്പ്പോട്ടു് നോക്കിയാണെങ്കിൽ കുഞ്ഞു രാമൻെറ മുഖത്തും രക്തമയം ഉണ്ടായിരുന്നു.

"അതുതന്നോ, ഒരു നല്ല കാര്യത്തിനു തൊട ങ്ങുമ്പം നാലുചക്രം കയ്യിൽകിട്ടിയതു കളഞ്ഞുകളി ച്ചാൽ കൊണം പിടിക്കുകേല്ല. കുഞ്ഞാങ്ങളയ്ക്കു കൊടു ക്കാമെന്നുവച്ചാ ഇപ്പം ചക്രാമില്ല. ആദ്യം ചക്രം മേ ടിക്കാതെ കൊടുത്താ എന്നും അതാ അനുഭവം"

ആ അക്ഷരശരങ്ങൾ ചെവിയിൽ തറയ്ക്കുന്നതി നുമുമ്പേ അയാളുടെ ഹൃദയത്തിലാണു ആഞ്ഞിറങ്ങിയ തു്. അളിയനാണെങ്കിലും അന്യനായ ആ ബന്ധുവി ൻെറ മുഖംപോലും കറുത്തുപോയി.

യാത്ര പറയാതെതന്നെ കുഞ്ഞുരാമൻ അവിടെ നിന്നിറങ്ങി. തൻെറ രക്തവും, മാംസവും കൊടുത്തു വളർത്തിയ സഹോദരി! അദ്ധ്വാനംകൊണ്ടുമാത്രം ആഗ്രഹത്തിനു രൂപംകൊടുത്തു് ഓമനിച്ചുവളർത്തിയ കൊച്ചു പെങ്ങൾ! എന്തിനവളെ കുററം പറയുന്നു?

വണ്ടി കിട്ടിയില്ലെങ്കിൽ അതു സഹിക്കാം. മററുള്ളവർ കേൾക്കെ അപമാനിച്ചതു് എങ്ങിനെ സഹിക്കും? കഴിഞ്ഞുപോയ കഥകളും, കഷ്ടപ്പാടുകളും ഓർത്തപ്പോൾ അയാൾ ജീവനുള്ള ശവമായി രൂപാന്തരപ്പെട്ടു. നടന്നുപോകുന്ന വഴിയുടെ ഭയങ്കരതയെക്കുറിച്ചു ചിന്തിക്കാതെ വേച്ചുവേച്ചു മുമ്പോട്ടുപോയി.

പാതയുടെ ഒരു വശം വലിയ കുന്നും മറുവശം കൊട്ടുംതാഴ്ച്ചയുള്ള കൊക്കയുമായിരുന്നു. കൂരിരുട്ടില്ലായിരുന്നെങ്കിലും വഴി തെളിഞ്ഞുകാണാൻ കഴിഞ്ഞില്ല. അല്പം പ്രകാശമുണ്ടായിരുന്നതു് ഹൃദയാഗ്നിയുടെ പുക അപഹരിച്ചുകളഞ്ഞു.

ലഹരിസാധനങ്ങളേക്കാൾ വീര്യമുള്ള സഹോദരിയുടെ വാക്കുകൾ അയാളെ ഉന്മത്തനാക്കി. ഒരു നിമിഷത്തിനുള്ളിൽ കാൽ വഴുതി അടുത്തുണ്ടായിരുന്ന കുഴിയിലേക്കു മറിഞ്ഞു.

കാററിൻെറ ശക്തി കൂടി. തുള്ളിതുള്ളിയായി വീണുകൊണ്ടിരുന്ന മഴ ധാരമുറിയാതെ ഭൂമിയിൽ വീണു തുടങ്ങി.

രാവിലെ 8 മണിക്കു മുമ്പുതന്നെ കുഞ്ഞുരാമൻ മരിച്ച വിവരം നാട്ടിൽ പരന്നു. മറിഞ്ഞുവീണ സ്ഥലത്തു് വലിയ ആഴമില്ലായിരുന്നു. എങ്കിലും പാറയിൽ തല്ലി തല പൊട്ടിയിരുന്നു. റോഡിൽക്കൂടെ പോയിരുന്നവരുടെ ദൃഷ്ടിയിൽപെടുവാൻ വിഷമം ഉണ്ടായില്ല. പെയ്ത മഴ മുഴുവനും നനഞ്ഞു് ശരീരം കണക്കിലധികം വീർത്തിരുന്നു.

THEKKOTTAYAM PUBLIC
KOTTAYAM
TRAVANCORE

അധികാരികൾ ശവം പോസ്റ്റ്മാർട്ടത്തിനയ്ക്കാൻ ഉത്തരവിട്ടതിനുശേഷം മഹസ്സറുമായി യാത്രയായി.

ആശുപത്രി മൂന്നു മൈലകലെയാണ്. അവിടംവരെ കൊണ്ടുചെല്ലണം.

ശവം കൊണ്ടുപോകാനുള്ള മാർഗ്ഗം ആരായുന്നതിനിടക്ക് ഒരുവൻ പറഞ്ഞു. "ഇവൻെറ പെങ്ങളല്ലെ ഇന്നലെ ഒരു ഉന്തുവണ്ടി വാങ്ങിച്ചെ? അതു കൊണ്ടുവന്നാ വേഗം ശവം കൊണ്ടുപാം."

ആ യുക്തി എല്ലാവർക്കും ഇഷ്ടപ്പെട്ടു. പ്രതീക്ഷകളുടെ നെടുംകോട്ടയുള്ളിൽനിന്നും ഉടലെടുത്ത ആ ഉന്തുവണ്ടി? അതിൽ കയററിയ ആദ്യത്തെ ഭാരം ശവമാണ്.

അടുത്ത ദിവസംതന്നെ വേലായുധൻ അഡ്വാൻസ് തിരികെ വാങ്ങി. ശവം കേററിയ വണ്ടി കൂലിക്കെടുക്കാൻ ആരും ഇഷ്ടപ്പെട്ടില്ല.

ജീവിതത്തിൻെറ രൂപവും ഭാവവുമായിരുന്ന ഏക സഹോദരൻ അയാളുടെ സ്മാരകമായിമാത്രം അവസാനം ആ "ഉന്തുവണ്ടി" ശേഷിച്ചു. അതവിടെക്കിടന്നു ജീർണ്ണിച്ചുതുടങ്ങി. അപ്പോഴും അതിൻെറ ഉടമസ്ഥയെ പരിഹസിക്കുകയാണ് "കുഞ്ഞാങ്ങളേടേതിനേക്കാൾ നല്ലതാണ്".

# വിധിയുടെ വികൃതി

"എടീ കാർത്തികേ! നിന്നോടല്ലേ പറഞ്ഞതു് ആ ഗേററു തുറന്നിടരുതെന്നു്. അല്ലെങ്കിലും ഈ ശവങ്ങളു് ചോററു ചെല്ലാൻ തുടങ്ങിയാൽ ഭൂമിയിലല്ല നിൽക്കുന്നതു്. ആത്തു തുറന്നുകിടന്നിട്ടല്ലെ വഴിയെ പോയ ധർമ്മക്കാരൻ വലിഞ്ഞു കേറി വന്നതു്."

പത്രം വായിച്ചുകൊണ്ടിരുന്നതിനിടക്കു് കുമാരംപിള്ള വേലക്കാരിക്കു് അത്രയും താക്കീതു കൊടുത്തു. ഗേററു തുറന്നു കിടന്നതു് അയാഠം കണ്ടില്ല. അല്ലെങ്കിൽ നേരത്തെ തന്നെ അടയ്ക്കുമായിരുന്നു. രണ്ടാമത്തെ ചിട്ടയാണു് കുതിര പോലുള്ള ഒരു പട്ടിയെ അഴിച്ചു വിട്ടേക്കുന്നതു്. ആ പരിപാടികഠം രണ്ടും തടസ്സമില്ലാതെ തുടന്നു പോയാൽ ധർമ്മക്കാരുടെ ശല്യത്തിൽ നിന്നും ഒഴിഞ്ഞു നില്ക്കാം. അതാണു പിള്ളയുടെ മനശ്ശാസ്ത്രം.

അച്ഛൻ മരിച്ചപ്പോൾ കുമാരപിള്ള അവിവാഹിതനായിരുന്നു. പിതൃസ്വത്തായി കുറെ അധികം പണവും പത്തേക്കറോളം ഭൂമിയും ഉണ്ടായിരുന്നു. ആണായിട്ട് അയാൾ മാത്രമേ ഉണ്ടായിരുന്നുള്ളു. സഹോദരിമാരെ രണ്ടു പേരേയും വിവാഹം കഴിപ്പിച്ചുവിട്ടു. പണമായി കിട്ടിയിരുന്നതിൻെറ പകുതിയിലധികം ആ വകയ്ക്കു ചെലവായി. അമ്മയുടെ പിന്നത്തെ ആഗ്രഹം ഒന്നുമാത്രമായിരുന്നു. മകനും ഒരു ഭാര്യ വേണം, കുടുംബത്തിൻെറ അനന്തരാവകാശിയെ കണ്ടിട്ടു സമാധാനത്തോടെ മരിക്കണം.

അതിനും അനുസരണയുള്ള ആ മകൻ വിസമ്മതം പ്രകടിപ്പിച്ചില്ല. ലക്ഷ്മിയമ്മ ആ തറവാട്ടിലെ നായികയായി രംഗപ്രവേശം ചെയ്തു. ആവശ്യത്തിലധികം ആഭരണങ്ങളും മൂന്നേക്കർ ഭൂമിയും ഭാര്യയുടെ സ്വത്തിനത്തിൽ ലഭിച്ചു. പിന്നീട് ആ കുടുംബത്തിൽ സൗഭാഗ്യത്തിൻെറ കുറവ് അല്പംപോലും ഇല്ലായിരുന്നു.

ആ നവദമ്പതികളുടെ ജീവിതം ചിന്തയും ബുദ്ധിയുംപോലെ, വ്യായാമവും ആരോഗ്യവുംപോലെ, പണവും പലിശയും പോലെ ഉത്തരോത്തരം പുരോഗമിച്ചുകൊണ്ടിരുന്നു. ആശ്വാസത്തിൻെറ മലർക്കാവുകളും ആനന്ദത്തിൻെറ മന്ദവായുവും അവിടെ പ്രത്യക്ഷപ്പെട്ടുതുടങ്ങി.

എങ്കിലും ലക്ഷ്മിയമ്മക്കു് ഒരൊററ കാര്യത്തി ലേ അല്പം നീരസം ഉണ്ടായിരുന്നുള്ളു. ഭർത്താവു് ഒരു ധാരാളച്ചെലവുകാരനാണു്. അതു നിയന്ത്രിച്ചില്ലെങ്കിൽ നാളത്തെ ജീവിതം അവതാളത്തിലാകും. കുടുംബത്തിൻെറ നിലനില്പുതന്നെ കുഴപ്പത്തിലെത്തും. അതെല്ലാം ഓർത്തപ്പോൾ അവൾക്കു് ചെലവിനങ്ങളെ നിയന്ത്രിക്കേണ്ടിവന്നു.

കുമാരപിള്ളക്കു് അല്പം ഭേദമായി കഴിയണം എന്നൊരു വിചാരമുണ്ടു്. വിദ്യാഭ്യാസത്തിൻെറ പോരായ്മയുണ്ടെങ്കിലും മറെറാന്നിനും അയാളെ മാററിനിർത്തുവാൻ കഴിയുകയില്ല. എല്ലുനുറുങ്ങെ പണിയെടുക്കുന്ന ഒന്നാന്തരം ഒരു അദ്ധ്വാനിയാണു്. കൃഷിപ്പണികളിലുള്ള വൈദഗ്ദ്ധ്യം ഒരു നല്ല തുക സ്വന്തമായി സമ്പാദിക്കുവാനും ഇടയാക്കിയിട്ടുണ്ടു്.

രാവിലെ എഴുന്നേല്ക്കുമ്പോൾ ഒരു പാത്രം ചൂടുവെള്ളവും കുടിച്ചുകൊണ്ടു് പറമ്പിലെല്ലാം ചുററിനടക്കും. പിന്നീടു് എന്തെങ്കിലും പലഹാരത്തോടുകൂടി ഒരു നല്ല കാപ്പിയും കഴിഞ്ഞു് തൂമ്പയുമേന്തി പണിക്കിറങ്ങും. ഒരു മണിവരെ ജോലിചെയ്യും. ഉച്ചക്കുള്ള ആഹാരത്തിനു് നല്ല വിഭവങ്ങൾ ഉണ്ടായിരിക്കണം. ഊണു കഴിഞ്ഞു് ഒരു മണിക്കൂർ വിശ്രമിക്കും. വീണ്ടും ജോലി തുടങ്ങും. മഴയില്ലെങ്കിൽ സന്ധ്യവരെ വേല ചെയ്യും. വൈകിട്ടു് മിക്കവാറും കഞ്ഞിയാണു്. അവൽ നനച്ചതും അല്പം തേങ്ങാക്കൊത്തും മുളകുപർപ്പടകവും മററും വേണമെന്നൊരു നിർബന്ധമുണ്ടു്.

ഭാൎയ്യക്കാണെങ്കിൽ ഇതൊന്നും ഇഷ്ടമല്ലെന്നമട്ടായി. തുള്ളി തൊട്ടുതുടച്ചാലെ തൊടംകൊണ്ടു് അളക്കാനൊക്കുകയുള്ളെന്നു് അവർ എപ്പോഴും പറയും. അവിടെവന്നു രണ്ടാഴ്ച കഴിഞ്ഞപ്പോൾ രാവിലെ ഒരു കപ്പിപ്പാലുവീതം വില്ക്കുവാൻ തുടങ്ങി. ചോദിച്ചപ്പോൾ കട്ടംകാപ്പി കുടിച്ചാലും തരക്കേടൊന്നുമില്ലെന്നാണു് സമാധാനം പറഞ്ഞതു്.

പൂൎണ്ണചന്ദ്രൻ കുറേശ്ശെ ഉയരുന്നതോടൊപ്പം വലിപ്പവും അല്പാല്പം കുറഞ്ഞുതുടങ്ങും. ഭാൎയ്യയുടെ ഭരണാധികാരം വൎദ്ധിച്ചപ്പോൾ പിള്ളയുടെ ജീവിതസുഖവും കുറഞ്ഞുവന്നു. പാൽക്കാപ്പിയ്ക്കും പലഹാരത്തിന്നും പകരം കപ്പയും കട്ടംകാപ്പിയുമായി. ഉച്ചയ്ക്കലത്തെ ഊണിന്നു് ശമ്മന്തിയും എന്തെങ്കിലും ഒരു കറിയും കാണും. കഷണങ്ങൾ ചക്കക്കുരുവോ കപ്പളങ്ങയോ ആയിരിക്കും. വൈകിട്ടുള്ള കഞ്ഞിക്കു് രണ്ടു പൎപ്പടകമെങ്കിലും ചുട്ടാൽ അതൊരതിശയമാണു്. നിത്യവുമുള്ള ഈ പതിവുകൊണ്ടു വാ വെറുത്ത കുമാരപിള്ള ചന്തക്കുപോകുമ്പോൾ ലാക്കുകിട്ടിയാൽ ഹോട്ടലിൽ കയറിയിട്ടേ മടങ്ങുകയുള്ളൂ.

ഭാൎയ്യ ഏതുതെല്ലാംതരത്തിൽ പിശുക്കു കാണിച്ചാലും അയാളൊന്നും പറയുകയില്ല. ലുബ്ധുവൎദ്ധിക്കുന്നതോടൊപ്പം കയ്യിലുള്ള തുകയുടെ എണ്ണവും കൃട്ടതലാകുന്നെന്നുള്ള പരമാൎത്ഥം മറച്ചുവയ്ക്കാൻകഴിഞ്ഞില്ല.

എന്നാലും ലക്ഷ്മിയമ്മ ഒരു കാൎയ്യത്തിന്നുമാത്രം കൈവിട്ടു ചെലവുചെയ്യും. അതു ചെയ്യാതെ നിവൃ

ത്തിയില്ലെന്നുള്ള അന്ധത അവരെ അടിസ്ഥാനമി ല്ലാത്ത വിശ്വാസങ്ങളുടെ അങ്ങേയററംവരെ എ ത്തിച്ചു.

ദൈവത്തിന്ന കൈക്കൂലി കൊടുത്തെങ്കിൽമാത്ര മെ സങ്കടത്തിന്ന പരിഹാരമുണ്ടാകുകയുള്ളു. ആ വിശ്വാ സംകൊണ്ടു് എങ്ങിനെയെല്ലാം ഉണ്ടാക്കിയതായാലും അതെല്ലാം വാരിവാരി ചെലവാക്കാൻ അവർ തയ്യാ റായി. ഒരു കൊച്ചുകാലു കാണാൻ ഭാഗ്യമുണ്ടാകണേ എന്നുമാത്രം മനസ്സനൊന്തു പ്രാർത്ഥിച്ചു.

പറഞ്ഞും കേട്ടും പരിചയമുള്ള ക്ഷേത്രങ്ങളിലെ ല്ലാം വഴിപാടുകൾ നടത്തി. എങ്ങിനെയെങ്കിലും കാ ര്യം നേടട്ടെന്നു കരുതി പള്ളികളിലും പോകാതിരു ന്നില്ല. ഒരു പ്ളാവിലക്കഞ്ഞി മററുള്ളവർക്കു കൊടു ക്കുമ്പോൾ ഉള്ളു തുള്ളുന്നവർ തേച്ചുകുളിയും പാൽച്ചോ റുംകൊണ്ടു് ദൈവകാരുണ്യത്തിന്നു് അപേക്ഷിച്ചു.

ഒരുവിധത്തിൽ ആ ആഗ്രഹവും സഫലമായി. അതോടെ പ്രാർത്ഥനകളും വഴിപാടുകളും കാടുകയറി. ഇനി ഓമനപ്പുത്രനെ അന്യന്റെ മുമ്പിൽ ആണുങ്ങളെ പ്പോലെ ജീവിക്കാൻ പ്രാപ്തിയുള്ളവനാക്കണം. നാലു കാശിന്നു് ബുദ്ധിമുട്ടാൻ ഇടവരരുതു്. അതിനൊക്കെ നേരത്തെ കരുതിയാലെ സാധിക്കുകയുള്ളു. എന്നും ദൈവമെന്നും പറഞ്ഞിരുന്നാൽ കാര്യം നടക്കുകയില്ല. നദികടന്നുകഴിഞ്ഞാൽ പിന്നെ തോണിക്കാരനെ കാ ണുകയേ വേണ്ടല്ലോ?

മകൻെവണ്ടി സമ്പാദിക്കുന്നതിനുള്ള ബദ്ധപ്പാടി നിടയിൽ യാതൊന്നിനും കുറവില്ലാതിരുന്ന ആ തറവാട്ടിൽ ഒരു പുതിയതരം ദാരിദ്ര്യദേവത രൂപം പ്രാപിച്ചു.

മുണ്ടു് അലക്കിച്ചുടുക്കുന്ന പതിവു് നിൎത്തി. പഴ ങ്കഞ്ഞിയോ വല്ലതും ഉണ്ടെങ്കിൽ ഇടക്കാലത്തു് വല്ല വൎക്കും കൊടുക്കുമായിരുന്നു. ഇപ്പോൾ അതും അരി വേകാറാകുമ്പോൾ കൂടെയിട്ടുവാൎത്തുകളയും. പടിക്കക ത്തു് ആരെങ്കിലും കയറുമെന്നുള്ള ഭയംകൊണ്ടു് മനു ഷ്യനെ ജീവനോടെ തിന്നുന്ന ഒരു പട്ടിയെ അഴിച്ച ങ്ങുവിട്ടേക്കും. കാൽകാശു ധൎമ്മം കൊടുക്കുന്നതു് മരി യ്ക്കുന്നതിനു തുല്യമായികണക്കാക്കിയിരിക്കുകയാണു്.

ക്ഷേത്രങ്ങളിൽനിന്നും ഇറങ്ങാതെ കഴിഞ്ഞുവന്ന ലക്ഷ്മിയമ്മ ഇപ്പോൾ ഒന്നാം തീയതി അത്തറാം ഒന്നു പോരയെന്നു വരുത്തും. അരയണയുടെ ഒരു കൂട്ടു് കൎപ്പൂരം കൊണ്ടു ദൈവത്തെ സമാധാനിപ്പിക്കും. അതുതന്നെ യും അദ്ദേഹത്തിനു് ആവശ്യമില്ല. അതാണു് ഇന്ന ത്തെ അവരുടെ വാദഗതി.

നാഴിയരിയോ നാലു ചക്രമോ അയലത്തുകാർ ആരെങ്കിലും വായ്പ ചോദിച്ചാൽ സകല ദേവന്മാരേ യുംകൊണ്ടു് അവർ ആണയിട്ടുപറയും "എന്റെ പൊ ന്നേ! ഇവിടെയിന്നലെ അരിയില്ലാഞ്ഞിട്ടു് കാപ്പി അനത്തുകയായിരുന്നു. ഇന്നു വാങ്ങിയാൽ തരാം".

എന്നാലും പൊടിപററാത്ത സ്വൎണ്ണം പണയം കൊടുത്താൽ പണം എത്ര വേണമെങ്കിലും ഉണ്ടു്. രൂപായ്ക്കു് പ്രതിമാസം അരയണ പലിശ കിട്ടണമെന്നുമാത്രം. പാത്രങ്ങളോ കോടാലിയോ എന്തെങ്കിലും അയല്ക്കാർ ആവശ്യപ്പെട്ടാൽ കുട്ടന്റെ അച്ഛനോടു ചോദിക്കാൻ പറയും. പ്ലാവിന്റെ ചുവടുകളിൽ ചക്ക വീണുകിടന്നു് അളിഞ്ഞാലും സങ്കടമില്ല ഒരു ചുളയെങ്കിലും മററുള്ളവർ എടുത്താൽ ചങ്കുപൊട്ടുകയായി. കൊട്ടയും കൊണ്ടുനടന്നു് ചക്കക്കുരുവെല്ലാം പെറുക്കിക്കൂട്ടി വിററു കാശാക്കും.

അങ്ങിനെ ആ ലുബ്ധും ഏകപുത്രനും ഒന്നിനൊന്നു വളൎന്നുവന്നു. കുട്ടനിന്നു പതിനാറുവയസ്സു പ്രായമുണ്ടു്. ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞാൽ കോളേജിലയയ്ക്കണം. നാലുകൊല്ലം കഴിഞ്ഞാൽ ഡോക്ടർ പരീക്ഷക്കയയ്ക്കാം. ജയിച്ചാലുടൻ ഉദ്യോഗം കിട്ടും. വരുന്നവരെല്ലാം ധാരാളം പണം കൊടുക്കും. അത്രയും കൈക്കൂലി കിട്ടുന്ന മററു ജോലിയൊന്നും ഇന്നില്ല. കുറച്ചുകാലംകൊണ്ടുതന്നെ ഒരു നല്ല സമ്പാദ്യമുണ്ടാകും. എല്ലാരും അവനെ ബഹുമാനിക്കും. ഭാവനയുടെ ലജ്ജയില്ലാത്ത സൈ്വരവിഹാരം!

ആദ്യമെല്ലാം കുമാരപിള്ള ഭാൎയ്യയുടെ ലുബ്ധിനെ വെറുത്തിരുന്നെങ്കിലും ഇന്നയാളും ആ ചേരിയിൽ ഒതുങ്ങിക്കഴിയാൻ പഠിച്ചിട്ടുണ്ടു്. ജലപാനം കൊണ്ടു ജീവിക്കുന്നവനു് വായുഭക്ഷണക്കാരനെ കൂട്ടു കിട്ടിയാൽ പിന്നത്തെക്കഥ ചിന്തിക്കുകയേ വേണ്ടൂ.

ഒരു ദിവസം ഉച്ചക്കു് ഒററക്കാലനായ ഒരു ധർമ്മക്കാരൻ കുമാരപിള്ളയുടെ തുറന്നു കിടന്ന ഗേററം കടന്നു് മുററത്തെത്തി. തിണ്ണക്കിരുന്ന ഗൃഹനായികയുടെ മുഖം കനൽക്കട്ടപോലെ ചുവന്നു. താടകയെപ്പോലെ അലറിമറിഞ്ഞു് അവർ അടുക്കളയിൽ എത്തി. വിറകുകമ്പും വേലക്കാരിയുടെ പുറവും തമ്മിൽ ഏററുമുട്ടി. നിമിഷമാത്രയിൽ ആ ഒററക്കാലൻെറ മറേറക്കാൽ പട്ടിയുടെ വായിൽ ആയിക്കഴിഞ്ഞു. അയാഠം നിലത്തുവീണുരുണ്ടു. അവിടത്തെ അത്തരം പ്രവൃത്തികഠം നാട്ടുകാക്കു് സുപരിചിതമാണു്. ചിലരൊക്കെ കേഠക്കത്തന്നെ പറയും. "ഇതൊന്നും അനുഭവിക്കാനിടവരുകയില്ല."

അന്നുച്ചവരെയേ പരീക്ഷ ഉണ്ടായിരുന്നുള്ളു. കുട്ടൻ അതുകൊണ്ടു് കുട എടുക്കാതെയാണു് പോയതു്. പെട്ടെന്നുണ്ടായ മഴ വീടുവരെ നനഞ്ഞു. അടുത്തദിവസം പരീക്ഷക്കു പോകാൻ കഴിഞ്ഞില്ല. കലശലായ തലവേദനയും പനിയുംകൊണ്ടു പുതച്ചുമൂടിക്കിടക്കുന്ന മകൻെറ അടുത്തിരുന്നു് ലക്ഷ്മിയമ്മ വീണ്ടും ദൈവത്തെ വിളിയ്ക്കുകയാണു്. തല്ക്കാലം ആ വിളികേഠക്കുവാൻ അവിടുന്നു തയ്യാറില്ലെന്നുള്ളതിൻെറ ലക്ഷ്യമെന്നവണ്ണം സുഖക്കേടു വർദ്ധിച്ചുതുടങ്ങി.

അറിയാവുന്ന മരുന്നുകളെല്ലാം ചെയ്തുനോക്കി. മലവെള്ളത്തിൻെറ മുമ്പിലെ മണൽത്തിട്ടപോലെ അതെല്ലാം നിഷ്ഫലമായി. അടുത്തുള്ള വൈദ്യനെ വിളിപ്പിച്ചു. അയാളുടെ ചികിത്സ വാതരോഗിക്കു പച്ചവെള്ളംപൊലെ കലാശിച്ചു.

അവിടെനിന്നു് അഞ്ചു മൈൽ അകലെയാണു് ആശുപത്രി. ഗത്യന്തരമില്ലാതെ വന്നപ്പോൾ കാരപിടിച്ചു മകനെ കൊണ്ടുപോകാൻ തന്നെ തയ്യാറായി.

ഡോക്ടർ കണക്കിലധികം അവരെ ശകാരിച്ചു. നാളെ ആയിരുന്നെങ്കിൽ കൊണ്ടുവരാതെതന്നെ കഴിയാമായിരുന്നു.

സുഖക്കേടു് അത്രമാത്രം വർദ്ധിച്ചു കഴിഞ്ഞു. ഒരാഴ്ച ആയിട്ടും യാതൊരു വ്യത്യാസവും കണ്ടില്ല. അതിനകം ഒരു നല്ല തുകയും ചെലവായി. അതെല്ലാം ഇടിവാളിൻെറ മുമ്പിലെ ഉടവാളുപോലെ കലാശിച്ചതേയുള്ളു.

മകൻെറ പനിപകന്നു് അച്ഛനും അടുത്ത കട്ടിലിൽ സ്ഥലം പിടിച്ചു. അതോടെ ലക്ഷ്മിയമ്മ എണ്ണ തീന്ന വിളക്കുപോലെയായി. അവരുടെ ഹൃദയശക്തിതന്നെ നിലച്ചു. അതിനി അധികനേരം പ്രവത്തിക്കുകയില്ലെന്നു് അവക്കുതന്നെ അറിയാം. മൂന്നാമത്തെ കട്ടിൽ തനിക്കുതന്നെയായിരിക്കുമെന്നൊരു ഭയവും തോന്നാതിരുന്നില്ല.

അന്നുരാത്രി പേമാരിയും കൊടുങ്കാററും ലോകത്തെ അലട്ടിക്കൊണ്ടിരുന്നപ്പോൾ ആ മാതാപിതാക്കളെ താപാഗ്നിയിൽ തള്ളിയിട്ടിട്ടു് അവരുടെ ഓമനക്കുട്ടൻ എന്നെന്നേക്കുമായി യാത്രപറഞ്ഞു.

D.M 2203

KOTTAYAM PUBLIC LIBRARY KOTTAYAM
84198

അനങ്ങാനാവാതെ കട്ടിലിൽ കിടന്ന കുമാര പിള്ള മുകളിലേക്കു തുറിച്ചുനോക്കി. ലക്ഷ്മിയമ്മ ബോധമററു് നിലത്തുവീണു.

അവരുടെ പുരയിടത്തിൽ താമസിച്ചിരുന്ന വേലുവും പാപ്പനും കൊച്ചുതമ്പുരാൻെറ സുഖക്കേടന്വേഷിച്ചു് സന്ധ്യക്കു വന്നതാണു്.

"ഇനി ആരുണ്ടാനാടാ ഇതെല്ലാം? തമ്പുരാനെ മറന്നാ ഇങ്ങനൊക്കെയാ വരുന്നെ" ഒരു വലിയ ഗ്രന്ഥത്തിൻെറ നീണ്ട അദ്ധ്യായങ്ങൾ വേലുവിൻെറ ആ വാക്കുകളിൽ ഒതുങ്ങിയിരുന്നു.

വൈദ്യുതക്കമ്പികളിൽ മരങ്ങൾ പിഴുതുവീണതുകൊണ്ടു് വിളക്കുകൾ ഒന്നടങ്കം അണഞ്ഞു. അതോടെ അവിടം അന്ധകാരത്തിൻെറ അധികാരഭൂമിയായി മാറിക്കഴിഞ്ഞു.

# തോമാസാറ്.

"തോമാസാർ" ഏതെല്ലാം തരത്തിൽ നോക്കിയിട്ടും ആ മാസത്തെ ബഡ്ജററ് ശരിയാക്കാൻ കഴിഞ്ഞില്ല. അക്കാര്യത്തിൽ വൈദഗ്ധ്യം ഇല്ലാഞ്ഞിട്ടല്ല. ചുവരില്ലാതെ ചിത്രം വരയ്ക്കാൻ കഴിയുകയില്ലല്ലോ? എന്നാലും ആകാവുന്നവിധത്തിൽ ഭാവനചെയ്തു തനിയെ ഒന്നാനന്ദിക്കാം. അത്രമാത്രം.

ശമ്പളം കിട്ടിയ വകയിൽ ആകപ്പാടെ 56 രൂപയുണ്ടു്. വീട്ടുവാടക, വിറക്, പാലിനു്, അലക്കുകൂലി എന്നു വേണ്ടാ എല്ലാവക്കും കൊടുക്കണം. അടുത്ത ഒന്നാംതീയതിവരെ ചെലവും നടക്കണം. അത്രയും കൂടെയുണ്ടെങ്കിൽ വിഷമമമാണു്. അരരൂപയ്ക്കെ അരിക്കു വിലയുള്ളൂന്നു ചിലരൊക്കെ പറയും. കിട്ടുന്ന ശമ്പളത്തിനു മുഴുവനും അരി വാങ്ങിയാൽ കാര്യം നടക്കുമോ? ജീവിതാവശ്യങ്ങൾ അനവധിയാണു്. ഗൃഹപ്പിഴക്കു് അരിയുടെ വിലമാത്രം കുറഞ്ഞതുകൊണ്ടു് എന്താണു പ്രയോജനം? നോക്കണേ ഒന്നാം പഞ്ചവത്സര

പദ്ധതിയുടെ പ്രത്യാഘാതം തോമാസാറിൻെറ ബു ദ്ധിയെ വിഷമിപ്പിക്കുന്നതു്. ഭക്ഷ്യധാന്യങ്ങൾ കൂടുതൽ ഉണ്ടാക്കുന്നതിനേക്കാൾ മുമ്പേ വേണ്ടിയിരുന്നതു് ഉപഭോക്താക്കൾക്കു് അതു വാങ്ങുന്നതിനുള്ള കഴിവു് ഉണ്ടാകയായിരുന്നു. അങ്ങനെ അദ്ദേഹത്തിനങ്ങു തോന്നിപ്പോയി.

നാലുകുഞ്ഞുങ്ങളും അമ്മയും അപ്പനും ഉൾപ്പടെ എട്ടുപേരുടെ നിത്യാവശ്യങ്ങൾ. അതും ഒരദ്ധ്യാപകൻെറ അന്തസ്സിനും അഭിമാനത്തിനും യോജിച്ചരീതിയിൽ.

തോമാസാറിൻെറ ഭാര്യവീടിനോ സ്വന്തവീടിനോ അടുത്തെങ്ങും ഗവൺമെൻറു് അപ്പർ പ്രൈമറിസ്കൂൾ ഇല്ല. ഉണ്ടായിരുന്നെങ്കിൽ അങ്ങോട്ടു് ഒരു സ്ഥലംമാററത്തിനു പരിശ്രമിക്കാമായിരുന്നു. അതിനു മാർഗ്ഗമില്ലാഞ്ഞതുകൊണ്ടു് ഏററവും അടുത്തുള്ള സ്കൂളിൽ ജോലിനോക്കുകയാണു്.

അവിടുത്തേക്കും സ്വദേശത്തുനിന്നു് പന്ത്രണ്ടു മൈൽ ദൂരം ഉണ്ടു്. ചുരുണ്ടുകിടക്കുന്നതിനു് അല്പം ഭൂമി ഉണ്ടായിരുന്നു. അതു പാട്ടത്തിനു കൊടുത്തതിനു ശേഷം കുടുംബസമേതം ജോലിസ്ഥലത്തു താമസിക്കുകയാണു്. ആദ്യമൊക്കെ അഭിമാനത്തിനു് ഒട്ടുംതന്നെ കുറവുവരുത്തിയില്ല. രണ്ടു മൂന്നു മാസങ്ങൾ കഴിഞ്ഞപ്പോൾ കാര്യം ആകപ്പാടെ കുഴപ്പത്തിലായി. പ്രൈമറിയിലായിരുന്നെങ്കിൽ സ്വദേശത്തു സുഖമായി കഴി

ഞ്ഞുകൂടാമായിരുന്നു. പട്ടിണിയായാലും അന്യനാട്ടു കാർ അറിയുകയില്ല.

ഭാഷാദ്ധ്യാപകന്മാക്ക പലക്കും ഹൈസ്കൂളുകളി ലേക്കു കയററം കൊടുത്തിട്ടുണ്ടു്. അതിനെല്ലാം ഗണ്യ മായ തുക ചെലവാക്കുകയും പിടിപാടുള്ളവർ പരി ശ്രമിക്കുകയും ചെയ്യണമായിരുന്നു. തന്റെ അവകാശം അനുവദിച്ചു കിട്ടാഞ്ഞതുകൊണ്ടു് തോമാസാർ അങ്ങി നെയാണു ധരിച്ചതു്.

മാസങ്ങൾ കഴിയുന്തോറും കടത്തിന്റെ വലിപ്പ വും വർദ്ധിച്ചുതുടങ്ങി. അഭിമാനമുള്ളവർ എത്ര നാ ളാണു് അവധി പറയുന്നതു്. കഴിയുന്നിടത്തോളം ചെലവുകൾ ചുരുക്കി വിഭവങ്ങൾ കുറക്കാമെന്നല്ലാ തെ അരി വയ്ക്കാതിരിക്കുവാൻ മാഗ്ഗം കണ്ടില്ല.

ആ സ്ഥലത്തു ജോലിക്കുവന്നിട്ടു് അഞ്ചുകൊല്ല മായി. ആ മാസത്തെ ശമ്പളവും വാങ്ങി വീട്ടിൽചെ ല്ലുന്നതിനിടക്കു് വല്ലതരത്തിലും ബഡ്ജററൊന്നു നേ രെയാക്കാമോയെന്നു പരിശ്രമിച്ചു നോക്കിയതാണു്.

അപ്പച്ചനെ മുററത്തു കണ്ടയുടനെ ഇളയ കുട്ടി കൾ രണ്ടും ഓടിച്ചെന്നു കൈക്കുപിടിച്ചു.

“അപ്പച്ചാ ഇനിച്ചോരുടുപ്പു്” മൂന്നാമത്തെ കുട്ടി യാണതു പറഞ്ഞതു്.

“അപ്പച്ചാ ഇച്ചും” ഏററവും ഇളയ കുട്ടിയും അ തിന്റെ ആവശ്യം ഓമ്മപ്പെടുത്തി.

കുട്ടികളേയുംകൊണ്ടു സാർ തിണ്ണക്കു കയറി. കുട നിരയിൽ തറച്ചിരുന്ന ആണിയിലിട്ടു. അന്ന വിടെ കഞ്ഞിവച്ചതേയല്ല. അയലത്തുനിന്നു വാങ്ങിയ ചക്കയോ മറേറാ പുഴുങ്ങി കുഞ്ഞുങ്ങൾക്കു കൊടുത്ത താണു്. ആദ്യമൊക്കെ അടുത്തുള്ള പലചരക്കുകട യിൽനിന്നും പററുവരവു ചെയ്തിരുന്നു. കുറെ ആയ പ്പോൾ ഒരു നല്ല സംഖ്യ ബാക്കി വന്നു. പറഞ്ഞും, മുഷിഞ്ഞും പററുവരവു നിർത്തി. ഇപ്പോൾ രൊക്കം വാങ്ങുകയാണു്. കഷ്ടിച്ചു് ഒരിരുപതാംതീയതിവരെ തള്ളിവിടും. പിന്നത്തെ കാര്യങ്ങൾ എല്ലാം വിഷമ ത്തിലാണു്.

"മേരിക്കുട്ടീ! വേഗം ആ കൊട്ടേം-കുപ്പീം ഇ ങ്ങോട്ടെടുത്തേ".

ഭർത്താവു വരുന്നതും നോക്കി മേരിക്കുട്ടി തിണ്ണയു ടെ അങ്ങേഅററത്തു് ഇരിയ്ക്കുകയായിരുന്നു. ആജ്ഞ കേട്ടമാത്രയിൽ അനുസരിച്ചു കഴിഞ്ഞു.

സാറിൻെറ ഭാര്യ ഒരസാധാരണ സ്ത്രീയാണു്. ഭർത്താവിൻെറ സാമ്പത്തികമായ കഴിവും ചെലവുകളു ടെ തോതും അവൾക്കു നല്ലതുപോലെ അറിയാം. വീട്ടാ വശ്യങ്ങൾക്കുവേണ്ടി ഭർത്താക്കന്മാരെ അലട്ടുന്ന പതി വു് അഭ്യസിച്ചിരുന്നില്ല. ഉള്ളതുകൊണ്ടു് ഓണംപോ ലെ കഴിയാനും അത്യാവശ്യത്തിനുമാത്രം ചെലവു ചെയ്യാനും വശമുണ്ടായിരുന്നു. പല ദിവസങ്ങളിലും അരി കാണുകയില്ലെന്നുള്ള ധാരണയിൽ സാറു കഴി

ഞ്ഞുകൂട്ടും. എന്നാൽ ആ ധാരണയെ അസ്ഥാനത്താക്കിക്കൊണ്ടു് അരി കഴുകി അടുപ്പത്തിടുമ്പോൾ അതിശയിച്ചുപോകും. അങ്ങിനെ ഒരു ഭാര്യകൂടി അല്ലായിരുന്നെങ്കിൽ പങ്കപ്പാടിന്റെ പെരുനാളാകുമായിരുന്നു.

ഉപ്പുതൊട്ടു കർപ്പൂരംവരെ വാങ്ങിക്കേണ്ട ദിവസമാണു്. മൂന്നുകുട്ടികളും സ്കൂളിൽ പോകുന്നുണ്ടു്. അവക്കു് ഉടുപ്പും പാവാടയുമൊക്കെ വാങ്ങിക്കണം. പള്ളിക്കൂടം തുറന്നിട്ടു മാസം ഒന്നുകഴിഞ്ഞു. എന്നിട്ടും ഒരൊററപുസ്തകംപോലും വാങ്ങിയിട്ടില്ല. അക്കാര്യത്തിലെങ്ങും മേരിക്കുട്ടിക്കു പരാതിയില്ലായിരുന്നു.

ഒരു കാര്യംമാത്രം അവർ ഭർത്താവിനെ ഓർമ്മിപ്പിച്ചു.

"തണുപ്പുകാലമാ. അമ്മച്ചിക്കു് ഒരു പുതപ്പുവാങ്ങിക്കൊടുത്താൽ കൊള്ളാരുന്നു."

തലേദിവസം രാത്രിയിൽ സാറിന്റെ അമ്മ ഉറങ്ങിയിട്ടില്ല. കാററും മഴയും നല്ല കണക്കിനു് ഉണ്ടായിരുന്നു. കട്ടിലിൽ കിടന്നു കിടുകിടാ വിറച്ചു. വെളുക്കുന്നതുവരെ മേരിക്കുട്ടി അനത്തുകയും തിരുമ്മുകയും ചെയ്തു. അപ്പോൾ തോന്നിയ യുക്തിയാണു്. നാളെ ശമ്പളം കിട്ടും. ഒരു പുതപ്പുവാങ്ങിപ്പിക്കണം. മററൊന്നും നടന്നില്ലെങ്കിലും കുഴപ്പമില്ല.

കല്യാണം കഴിഞ്ഞിട്ടു പതിന്നാലുവർഷങ്ങളായിട്ടും ഇന്നുവരെ യാതൊരാവശ്യവും മേരിക്കുട്ടി സാറിന്റെ മുമ്പിൽ ഉന്നയിച്ചിട്ടില്ല. ആദ്യമായി ഒരത്യാ

KOTTAYAM PUBLIC LIBRARY KOTTAYAM

വശ്യത്തെക്കുറിച്ചു് ഓർമ്മിപ്പിച്ചതാണു്. ദുർബലയുടെ ഗർഭധാരണംപോലെ സാറൊന്നു പരുങ്ങി. അങ്ങിനെ അവിചാരിതമായ ഒരത്യാവശ്യം ഇടയ്ക്കു കടന്നുകൂടുമെന്നു് ഓർത്തതേയില്ല. പെററ തള്ളക്കു ഒരു പുതപ്പു വാങ്ങിച്ചുകൊടുക്കണമെന്നു് മകനെ ഭാര്യ ഓർമ്മിപ്പിച്ചതാണു്. എങ്ങിനെ അതുവേണ്ടന്നുവയ്ക്കും.

"നാളെ പുസ്തകവും കൊണ്ടുചെന്നില്ലെങ്കിൽ ക്ലാസ്സിൽ കേററുകേല്ലെന്നു സാറ പറഞ്ഞു."

മൂത്ത കുട്ടികൾ രണ്ടുംകൂടി ഒരേ സ്വരത്തിൽ അറിയിച്ചു.

"വാങ്ങിത്തരും മക്കളെ" മേരിക്കുട്ടിയാണതിനു സമാധാനം പറഞ്ഞതു്.

അന്നുരാത്രി സാറിനു് ഉറക്കം വന്നില്ല. പതിനഞ്ചു ദിവസത്തേയ്ക്കുള്ള സാധനങ്ങൾപോലും വാങ്ങുന്നതിനു് പ്രാപ്തിയുണ്ടായില്ല. കുട്ടികൾക്കെല്ലാം പുസ്തകങ്ങൾ, അത്യാവശ്യത്തിനുള്ള കുറച്ചു ജൌളിത്തരങ്ങൾ, അമ്മയ്ക്കൊരു പുതപ്പു്, ബാക്കിക്കു് വീട്ടാവശ്യത്തിനുള്ള സാമാനങ്ങൾ. അങ്ങിനെ ആ മാസത്തെ ശമ്പളം തീർന്നു കഴിഞ്ഞു. വീട്ടുടമസ്ഥനു ടക്കം കാലണപോലും ആർക്കും കൊടുത്തതുമില്ല. തിരിഞ്ഞും മറിഞ്ഞും കിടന്നും ദീർഘശ്വാസങ്ങൾവിട്ടും ഉറങ്ങുന്നവരെക്കൂടെ ഉപദ്രവിച്ചതല്ലാതെ തോമാസാറിനെ നിദ്രാദേവി അനുഗ്രഹിച്ചില്ല. പാതിരാക്കോഴിയുടെ നേരിയനാദം തണുത്തു മരവിച്ച അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്നു.

ഒരു തരത്തിൽ അന്നത്തെ രാത്രിയ്ക്കം യാത്ര നല്കി. രാവിലെ ഒരു തീരുമാനവുമായിട്ടാണ് എഴു ന്നേററതു്. എങ്ങിനെയെങ്കിലും തിരുവനന്തപുരത്തി നൊന്നുപോകണം. പോക്കുവരവിനുള്ള പണം, നി ല്ക്കാൻ വയ്യാത്ത കടംവീട്ടൽ, ബാക്കി ദിവസങ്ങൾക്കു ള്ള വീട്ടുചെലവു്, ആകപ്പാടെ ഒരു നല്ല തുക ഉണ്ടാ കുകതന്നെ വേണം. അതിനു മാർഗ്ഗവും കണ്ടുപിടിച്ചു. ശനിയാഴ്ച ആയിരുന്നതുകൊണ്ടു് വീട്ടുവരെ പോകു ന്നതിനു തയ്യാറായി. പുരയിടം ആക്കെങ്കിലും ഇറക്കി പ്പണയം കൊടുത്തു് ആവശ്യത്തിനുള്ള തുക വാ ങ്ങിക്കാം.

വിവരങ്ങൾ അമ്മയേയും മററും അറിയിച്ചതി നുശേഷം പുറപ്പെട്ടു. അത്യാവശ്യം മനസ്സിലാക്കിയ പാട്ടക്കാരൻതന്നെ സാറിനെ സഹായിച്ചു. ഇരിക്ക പ്പൊറുതിയില്ലാത്ത കടമെല്ലാം കുറച്ചൊക്കെ തീർത്തു. മൂന്നു ദിവസത്തെ അവധിയുമെടുത്തു് തിരുവനന്തപുര ത്തിനു പോകുന്നതിനുള്ള ഒരുക്കങ്ങളായി.

ഹൈസ്ക്കൂളിലേക്കു കയററം കിട്ടുന്നതിനുള്ള കാ ലം അതിക്രമിച്ചിരിയ്ക്കുയാണു്. തീർച്ചയായും ഇത്ത വണത്തെ യാത്രകൊണ്ടു കാര്യം നേടാം. അതിനുള്ള ലക്ഷണങ്ങളും കണ്ടുതുടങ്ങിയിട്ടുണ്ടു്. തന്നേക്കാൾ സർവ്വീസ്സ് കുറഞ്ഞ പലക്കും കിട്ടിയിട്ടുള്ളതായി അ റിയുകയും ചെയ്യാം. വല്ലതരത്തിലും നിവൃത്തി ഉണ്ടാ യാൽ തല്ക്കാലം കിട്ടിക്കൊണ്ടിരിക്കുന്നതിൻെറ മൂന്നി ലൊരു ഭാഗംക്രൂടി ക്രൂടുതൽ കിട്ടും. വലിയ ആഡംബര

ങ്ങളിലൊന്നുമല്ലെങ്കിലും അല്പംകൂടിസമാധാനത്തിൽ കഴിയാം. വണ്ടിയിലിരിക്കുന്ന തോമാസാറിന്റെ വിചാരപരമ്പരകളാണു്.

വിവരങ്ങളെല്ലാം കാണിച്ചു് അപേക്ഷകൾ നിയമപ്രകാരംതന്നെ പലതവണയും അയച്ചിരുന്നു. എന്തുകൊണ്ടോ സാറുവിളിച്ച സ്ഥലത്തേക്കു് ഭാഗ്യദേവത ഓടിയെത്തിയില്ലെന്നുമാത്രം.

തലസ്ഥാന നഗരിയിൽചെന്നു് ഒരു ദിവസം മുഴുവനും ബുദ്ധിമുട്ടി. പിന്നീടാണു് സങ്കടം അറിയിക്കേണ്ടയാളിനെ കണ്ടുകിട്ടാനിടയായതു്. ഏതാണ്ടു് അരമണിക്കൂർകൊണ്ടാണു്സാർ മുഖവുരമാത്രംപറഞ്ഞുതീർത്തു്. ഉദ്യോഗത്തിൽ പ്രവേശിച്ച ആണ്ടുമാസം തീയതി, പ്രൈമറിയിലെ സർവ്വീസ്സ്, മിഡിൽസ്കൂളിലേക്കു കയററം കിട്ടിയകാലം, പരീക്ഷായോഗ്യത, ഇപ്പോഴത്തെ ജോലിസ്ഥലത്തിന്റെ പേരു്, ദൂരിതത്തിന്റെ കൂമ്പാരങ്ങളുടെ പൊക്കം, നീളം, വീതി എന്നുവേണ്ടാ എല്ലാം അതിൽ സ്ഥാനം പിടിച്ചിരുന്നു.

"ഇതിനാണോ നിങ്ങൾ ഇത്ര ബദ്ധപ്പെട്ടു പാഞ്ഞുവന്നതു്. അവകാശപ്പെട്ട ആനുകൂല്യങ്ങൾ മുറപോലെ ഉണ്ടായിക്കൊള്ളും. അതിനു കരയുകയും പറയുകയും ഒന്നും വേണ്ടാ" അത്രയും പറഞ്ഞതിനുശേഷം അടുത്തയാളിനെ അകത്തേയ്ക്കു വിടുന്നതിനുള്ള ബെല്ലടിച്ചു കഴിഞ്ഞു.

നിരാശയുടെ നിറപറയും പേറികൊണ്ടു് തോമ്മാസാർ മടങ്ങിപ്പോന്നു. എങ്കിലും അടങ്ങി ഒതുങ്ങിയിരിക്കുന്നതിനു കഴിഞ്ഞില്ല. തൻെറ അവകാശത്തെ വിഗണിച്ചുകൊണ്ടു് സീനിയോറിററി കുറഞ്ഞവൎക്കു കയററം കൊടുത്തിട്ടുള്ള വിവരങ്ങൾ ശേഖരിച്ചു. ആ സംഗതികൾകൂടെ ഉൾപ്പെടുത്തി ഒരപേക്ഷ അയച്ചാൽ തീൎച്ചയായും തിരസ്കരിക്കുകയില്ല.

ആഗ്രഹങ്ങൾ ചുമന്നുകൊണ്ടു് മാസങ്ങൾ രണ്ടുമൂന്നു തള്ളിനീക്കിയതല്ലാതെ പ്രയോജനമൊന്നും ഉണ്ടായില്ല. കഴിയുന്നവിധത്തിലെല്ലാം പരിശ്രമിച്ചു. ഇനി ഭാഗ്യമുണ്ടെങ്കിൽ കിട്ടുമെന്നല്ലാതെ മററുവഴിയൊന്നുമില്ല. വരുന്നതുപോലെ വരട്ടെ.

അങ്ങിനെ കഴിയുമ്പോഴാണു് സ്ഥലംമാററത്തിനുള്ള ആൎഡർ വന്നതു്. ആവശ്യമില്ലാത്ത അപേക്ഷകളൊക്കെ അയച്ചതിൻെറ പ്രത്യാഘാതമാണെന്നു് ചിലരൊക്കെ പറഞ്ഞുതുടങ്ങി. മററുള്ളവൎക്കെന്തും പറയാം. സാർ ആകപ്പാടെ വിഷമിച്ചു. ആൎഡർ വായിച്ചുകഴിഞ്ഞു് സുമാർ ഒരു മണിക്കൂർ ഒരേയിരുപ്പിൽ ഇരുന്നുപോയി. പള്ളിക്കൂടവും പിള്ളേരുംകൂടി കിടന്നു കറങ്ങുന്നതുപോലെ ഒരു തോന്നൽ.

അഞ്ചുകൊല്ലത്തിനകം ആ സ്ഥലം ഏതാണ്ടു സ്വദേശത്തിൻെറ ഒരു രൂപംപ്രാപിച്ചുവരികയാണു്. ഇരുപതുമൈൽ അകലത്തേക്കു് വീണ്ടും പോകുകയെന്നുള്ളതു് ഓൎക്കാൻതന്നെ കഴിഞ്ഞില്ല. കുറച്ചു കുറംപൂപ്പുകൃഷികളൊക്കെ താമസിക്കുന്ന പുരയിടത്തിലുണ്ടു്.

അതുകൊണ്ടൊക്കെ ഞെങ്ങിയും ഞെരുങ്ങിയും കഴിയു കയായിരുന്നു. അപ്പോഴാണ് അപ്രതീക്ഷിതമായ ഒരു വയ്യാവേലി.

എന്തായാലും ഹെഡ്മാസ്റ്റർ അവർകളുടെ നിർ ദ്ദേശപ്രകാരം ചുമതലപ്പെട്ട അടുത്ത മേലധികാരി യെ ഒന്നു കാണാമെന്നുദ്ദേശിച്ചു.

"എങ്ങിനെയെങ്കിലും അവിടുന്ന് എന്നെ ഒന്നു സഹായിക്കണം".

"ഒരു നിവൃത്തിയുമില്ല. പകരം നിയമിച്ചിരിക്കു ന്നതു് ഒരു സ്ത്രീയെ ആണ്. അവർ ആ നാട്ടുകാരിയും ആണ്. നിങ്ങൾ ഒരു പുരുഷനല്ലെ. എങ്ങോട്ടാണു പോകാൻ വയ്യാത്തതു്".

മേലധികാരിയുടെ ആ വാക്കുകൾ ഇടിനാദം പോലെയാണ് സാറിന്റെ കാതുകളിൽ പതിച്ചതു്. സമയം കുറച്ചുകൂടി ചെലവാക്കിയാലും, നേർമ്മയുള്ള വാക്കുകൾ വീണ്ടും പ്രയോഗിച്ചാലും പ്രയോജനം പൂ ജ്യമാണ്. മറ്റെന്തെങ്കിലുംകൊണ്ടു തൃപ്തിപ്പെടുത്തു വാൻ കഴിവുമില്ല.

ഉദ്യോഗക്കയറ്റം കിട്ടിയാൽ ബുദ്ധിമുട്ടുകളുടെ അളവ് അല്പമെങ്കിലും കുറയും. അങ്ങിനെ സമാധാ നിച്ചിരുന്ന തോമാസാറ് തിരിഞ്ഞുനോക്കാതെ പടി യിറങ്ങി റോഡിലെത്തി.

"പകരം നിയമിച്ചിരിക്കുന്നതു് ഒരു സ്ത്രീയെയാണു്. നിങ്ങൾ ഒരു പുരുഷനല്ലെ, എങ്ങോട്ടാണു പോകാൻ വയ്യാത്തതു്"

ആ വാക്കുകൾ കാതുകളിൽ കിടന്നു മുഴങ്ങി. വീട്ടിലേക്കുപോകുന്നതിനുള്ള വഴിപോലും നിശ്ചയമില്ലാത്ത നിലയിലായിരുന്നു അപ്പോഴത്തെ അവസ്ഥ..

# ഉലമാലകൾ.

മജിസ്ട്രേട്ടു് മോഹനൻ ആ പത്രവാർത്ത പലവുരു വായിച്ചു. ഒരു തരത്തിലും വിശ്വസിക്കാൻ കഴിഞ്ഞില്ല. ആതിലെ വാക്കുകൾ ഓരോന്നും ഭൂലോകദുർഗ്ഗയേക്കാൾ ഭയങ്കരതയോടെ അദ്ദേഹത്തെ തുറിച്ചുനോക്കി. ശാന്തസുന്ദരമെന്നു് ഒരുനിമിഷം മുമ്പുവരെ തോന്നിയിരുന്ന ജീവിതാനുഭവങ്ങൾ. അവയെല്ലാം ലോകാപവാദത്തിന്റെയും അപമാനഭാരത്തിന്റെയും പര്യായപദങ്ങളായി മാറുക. അതോടുകൂടി തന്റെ ജീവിതത്തിനു ഭാവവും രൂപവും നല്കി ഉന്നത നിലകളിലേക്കു് ഉയർത്തിവിട്ട കർത്താവദ്ദേഹം അറസ്റ്റുചെയ്യപ്പെട്ടു. അതും അക്ഷന്തവ്യമായ രാജദ്രോഹക്കുററത്തിനു്.

സാഹോദര്യത്തിന്റെ സുവർണ്ണഭൂമിയിൽനിന്നുകൊണ്ടു് സ്നേഹത്തിന്റെ സ്വരരാഗസുധ കാഴ്ചവയ്ക്കുവാൻ സഹൃദയസമ്പന്നനായ ഒരുവൻ ഈലോകത്തിലില്ലായിരുന്നെങ്കിൽ? പക്ഷേ, അതിനെയെല്ലാം അറപ്പിന്റേയും വെറുപ്പിന്റേയും വേതാളങ്ങൾക്കു് പങ്കാ

ളികളാക്കിക്കൊണ്ടു് ഞെട്ടിപ്പിക്കുന്ന സംഭവപരമ്പരകൾ പാഞ്ഞെത്തുകയാണു്. യാഥാത്ഥ്യങ്ങളെ ഒന്നടങ്കം സപ്നഭൂമിയിലെ പാറക്കെട്ടുകളാക്കി രൂപാന്തരപ്പെടുത്തിക്കൊണ്ടു് ഓർമ്മകൾ ഓളം തല്ലുന്നു. ഇന്നലകൾ ഇന്നത്തേക്കു് അല്പംപോലും സാക്ഷ്യം വഹിക്കാതെ എവറസ്റ്റിൻെറ അഗ്രവും അറേബ്യൻെറ അടിത്തട്ടും തമ്മിലുള്ള അന്തരത്തിൽനിന്നുകൊണ്ടു് മോഹനനെ എന്തെന്നില്ലാത്ത ഒരു വല്ലായ്മയിൽ വലക്കുകയാണു്.

ശിക്ഷിക്കുന്നതിനും രക്ഷിക്കുന്നതിനും പ്രാപ്തിയുള്ള തൻെറ ഔദ്യോഗികമേന്മ പരജനനിന്ദയും, പരാധീനതയും, പാപത്തിൻെറ പേക്കൂത്തും ചേർന്നു് ഉടലെടുത്തതാണെന്നു തോന്നി. നാളകളെക്കുറിച്ചു ചിന്തിക്കാതെ ഇന്നുകിട്ടിയതുകൊണ്ടു സുഖമായി കഴിഞ്ഞുകൂടുന്ന മൃഗങ്ങളേക്കാൾ എത്രയോ നീചമാണു് മനുഷ്യൻെറ മനനശക്തിയുള്ള വൈഭവങ്ങളെന്നു് അപ്പോഴാണു് തോന്നിത്തുടങ്ങിയതു്. അജ്ഞതയുടെയും അന്ധതയുടെയുംആഴത്തിൽനിന്നുകൊണ്ടു് കെട്ടിപ്പൊക്കുന്ന ഭൗതിക വ്യാപാരങ്ങൾ ക്ഷണഭംഗുരങ്ങളാണെന്നു് കുറച്ചു മുമ്പെങ്കിലും മനസ്സിലാകാഞ്ഞതു് കഷ്ടമായിപ്പോയി. ഒരു പക്ഷെ, ആ സൗഭാഗ്യം എന്തെല്ലാം പഠിച്ചാലും ലഭിക്കുകയില്ലായിരിയ്ക്കാം. വ്യാഴവട്ടങ്ങൾക്കും അപ്പുറത്തേക്കു് അദ്ദേഹത്തിൻെറ സ്മരണമണ്ഡലം പാഞ്ഞുപോകുവാൻ തുടങ്ങി.

കത്താവു ദൂരത്തേക്കെറിഞ്ഞ എച്ചിലില താഴെ വീഴാതെ ഒരു തെണ്ടിച്ചെറുക്കൻ പിടിച്ചെടുത്തു. അയാൾക്കു് അതൊട്ടും സഹിച്ചില്ല. അവനെ സൂക്ഷിച്ചുനോക്കി. ഒരോമനച്ചെറുക്കൻ തെണ്ടിയാണെങ്കിലും മണ്ടനല്ലെന്നു തോന്നി. "ഛെ! ഛെ! എടാ എച്ചിലുതിന്നരുതു്. വേറെ ചോറുവാങ്ങിച്ചുതരാം". ഇല താഴെയിട്ടിട്ടു് അവൻ കത്താവിന്റെ കൂടെച്ചെന്നു. "നിനക്കെന്റെകൂടെ വരാമോ?" ചോറുവാരി വായിലിടുന്നതിനുമുമ്പു് അവൻ തലകുലുക്കി.

കത്താവു് ആ നാട്ടുകാരനല്ലെങ്കിലും സകലക്കും സുപരിചിതനാണു്. രണ്ടുകൊല്ലങ്ങൾക്കു മുമ്പു് അവിടെവന്നു ഒരു ചെറിയ വ്യാപാരം തുടങ്ങി. സമത്ഥനും പ്രഗത്ഭനുമായിരുന്ന അയാൾ പെരുമാററത്തിലും പ്രവൃത്തിയിലും തുലോം പിന്നിലല്ലായിരുന്നു. കൊടുത്താൽ വാങ്ങുന്നതിനുള്ളതിന്റെ ഇരട്ടി ശ്രുഷ്കാന്തി വാങ്ങിയാൽ കൊടുക്കുന്നതിൽ പ്രദർശിപ്പിച്ചിരുന്നു. അതുകൊണ്ടു് വലിയ കൈമൊതലൊന്നും കൂടാതെ തന്നെ നല്ല ഒരു ചെറിയ വ്യാപാരം നടത്താൻ കഴിഞ്ഞു.

കുറച്ചു നാളുകൾക്കുള്ളിൽ ചുററുപാടുമുള്ളവരെല്ലാം ആ കടയിലെ പതിവുകാരായി. പട്ടണവും ചന്തയുമൊക്കെ വളരെ അകലെ ആയിരുന്നു. അതുകൊണ്ടു് അവക്കും അവിടം ഒരാശ്രയസ്ഥാനമായിത്തീൻ്നു.

കുറഞ്ഞത്തു് ഒരാഴ്ചത്തേക്കുള്ള ചരക്കെങ്കിലും കൎത്താവു് കന്നിച്ചെട്ടക്കും. ഉപദ്രവിക്കണമെന്ന വിചാരമുള്ളവർ ആരുംതന്നെ പററവരവുകാരുടെക്കൂട്ടത്തിലില്ലായിരുന്നു. ചരക്കു തീരുമ്പോഴേക്കും മുക്കാൽഭാഗം പണമെങ്കിലും പെട്ടിയിൽ വീഴും. ചിലരൊക്കെ കൊണ്ടുവരുന്ന തേങ്ങാ,കുരുമുളകു്, പാക്കു്മുതലായവ വാങ്ങി ശേഖരിക്കും. ചരക്കെടുക്കുന്നതിനുള്ള സമയമാകുമ്പോഴേക്കും ഒരു വണ്ടി നിറയെ കാണും. ഉള്ളിടത്തോളം പണവും ചരക്കുമായിട്ടാണു് പട്ടണത്തിലേക്കു പോകുന്നതു്.

കൎത്താവിൻെറ സ്വഭാവം മററു വ്യാപാരികളെപ്പോലെ അല്ല. ആദായംമാത്രം നോക്കി ജീവിക്കുന്ന ഒരു പതിവു് അയാൾക്കില്ല. മനുഷ്യൻ പരസ്പരം ഉപകാരം ചെയ്തും സ്നേഹം പുലൎത്തിയും ജീവിക്കാൻ പഠിക്കണം. അതാണു് കൎത്താവിൻെറ അഭിമതം. പണം വളരെയധികം കൊടുക്കുന്നതിനുള്ള ഒരുവൻ തന്നെ ആയിക്കൊള്ളട്ടെ അത്താഴം വയ്ക്കുവാൻ നിവൃത്തിയില്ലെന്നുപറഞ്ഞാൽ ആ കണ്ണുകൾ രണ്ടും കവിഞ്ഞൊഴുകും. അറിയാതെ തന്നെ അളക്കുന്നതിനുള്ള ഉപകരണം കൈകളിൽ ഓടിക്കയറും. അരിമാത്രമോ? പിന്നീടയാൾ ചോദിക്കുന്നതെല്ലാം കൊടുക്കുകയായി.

ഇന്നു പട്ടിണിയാണെന്നു പറഞ്ഞാൽ കൎത്താവു ചേട്ടൻെറ കരളും വാങ്ങിക്കാൻ കഴിയുമെന്നു ചിലരൊ-

ക്കെ പറയും. "എന്റെ പൊന്നേ! അത്താഴംവച്ചി ല്ലെന്നു പറയുന്നതു കളിപ്പിക്കാനാണെങ്കിൽ ദൈവ ത്തിനെ എങ്ങനെ കളിപ്പിക്കാൻ പററും. അതുകൊ ണ്ടൊന്നും ഞാൻ നശിക്കാൻ പോകുന്നില്ല."

ആ വാക്കുകൾ പരമാത്ഥത്തിന്റെ പല്ലവി ആ യിരുന്നു. ഔദാര്യത്തിന്റെ ഉറവിടവും മമതയുടെ മന്ദസ്മിതവും ആ സ്വരത്തിൽ ഒതുങ്ങിനില്ക്കുന്നുണ്ടാ യിരിക്കും. കത്താവിന്റെ പ്രവത്തനം ഉത്തരോത്തരം പുരോഗമിച്ചു.

ആ കടയുടെ അടുത്തുണ്ടായിരുന്ന ഏക സ്ഥാപ നം ഒരു പ്രൈവററ് ആശുപത്രി ആയിരുന്നു. തുടങ്ങി യിട്ടു നാലുമാസമെ ആയിട്ടുള്ളെങ്കിലും അതിന്റെ പ്രശസ്തി പരിസരങ്ങളിൽ ഒരു സംസാരവിഷയമായി. ധാരാളം ആളുകൾ നിത്യവും വന്നുകൊണ്ടിരുന്നു. ക്ര മേണ ഒരു നല്ല ഹോട്ടലും ചായക്കടയുംകൂടി സ്ഥാപി ക്കപ്പെട്ടു.

അതുവരെ കത്താവു തനിയെ അരിവച്ചു് ഉണ്ണു കയായിരുന്നു. പല കാര്യങ്ങൾക്കും ആ പരിപാടി കുഴപ്പം വരുത്തിയിരുന്നെങ്കിലും സഹിക്കാതെ നിവൃ ത്തിയില്ല. എന്നാൽ ശുചിത്വവും സൗകര്യവുമുള്ള ഒരു ഹോട്ടൽ അടുത്തുണ്ടായപ്പോൾ ഊണു് അങ്ങോട്ടു മാററി. അവിടെനിന്നാണു് ആ കൊച്ചൻ കത്താവി ന്റേതായിത്തീന്നതു്. വയറു നിറഞ്ഞു് വെളുത്ത മുണ്ടും അണിഞ്ഞപ്പോൾ അവനും ഒരു കൊച്ചുമിടുക്ക

നായി മാറി. നോട്ടത്തിലും ഭാവത്തിലുമെല്ലാം അവ ൻെറ സാമർത്ഥ്യം തെളിഞ്ഞുകണ്ടു. എല്ലാംകൊണ്ടും കത്താവിൻെറ കണ്ണിലുണ്ണിയായിത്തീർന്നു. വീടെവി ടെയാണെന്നന്വേഷിച്ചവരെ ആ ചെറുക്കൻ വാപൊ ളിച്ചു കാണിച്ചു. അച്ഛനും അമ്മയും ഉണ്ടോ എന്നു ചോദിച്ചപ്പോൾ അടുത്തുനിന്നവരെ തുറിച്ചു നോക്കി. മററാരും കൂട്ടിനില്ലാതിരുന്ന കത്താവിൻെറ പുതിയ കൂട്ടുകാരൻ അയാളെ നല്ലപോലെ സന്തോഷിപ്പിച്ചു. കൃത്യസമയത്തിനാഹാരവും, മനസ്സിനു സന്തോഷവും ഉണ്ടായപ്പോൾ ആ കുട്ടിയുടെ ഭാവങ്ങളൊക്കെ മാറി. ഉരുണ്ടുകൊഴുത്ത ഒരുണ്ണിഗ്ഗണപതിയെപ്പോലെ അ വൻ തുള്ളിച്ചാടിക്കളിച്ചു നടന്നു.

സാമർത്ഥ്യവും ഉത്സാഹവും കണ്ടപ്പോൾ പള്ളി ക്കൂടത്തിൽ വിടണമെന്നൊരാഗ്രഹം ഉണ്ടായി. അ തൊന്നും ആദ്യമെ ഉദ്ദേശിച്ചതല്ല. എച്ചിലുതിന്നാതെ ഒരുനേരത്തെ ആഹാരമെങ്കിലും ആ മനുഷ്യജീവി യും കഴിച്ചുകൊള്ളട്ടെ എന്നുതോന്നിയ കാരുണ്യത്തി ൻെറ കാല്പാടുകൾ ഒന്നിനൊന്നു മുമ്പോട്ടു പോകുകയാ ണ്. നിയതിയുടെ അയവില്ലാത്ത നിയമങ്ങൾ!

കുളിച്ചുകുറിയുമിട്ടു് കൈത്തണ്ടുകളിൽ സഞ്ചിയും തൂക്കി കൊച്ചുകുട്ടികൾ പള്ളിക്കൂടത്തിലേക്കു പോകു ന്നതു് കത്താവിൻെറ കടയുടെ മുമ്പിൽക്കൂടിയാണു്. അടുത്ത കടയിൽനിന്നു കാപ്പി കൊണ്ടുവരണം. മററു യാതൊരു ജോലിയും മോഹനനു രാവിലെ ചെയ്യുവാ

നില്ല. പുലരുന്നതിനു മുമ്പ് എഴുന്നേല്ക്കും. അമ്പലക്കുളത്തിൽപോയി പല്ലുതേപ്പും കുളിയും കഴിഞ്ഞുവന്നു് കാപ്പികൊണ്ടുവരാൻ കടയിൽ പോകും. കത്താവിനും തനിക്കുമുള്ള കാപ്പിയും പലഹാരവും നിശ്ചിത സ്ഥാനത്തു കൊണ്ടുവന്നു വച്ചതിനുശേഷം കാപ്പി കുടിക്കുന്നതിനുള്ള സമയവും കാത്തിരിപ്പാണു്. പ്രഭാതകർമ്മങ്ങൾ കഴിഞ്ഞു് കത്താവു് എത്തിയാലുടൻ കാപ്പി കഴിയും. അപ്പോഴേയ്ക്കും സാമാനങ്ങൾ വാങ്ങുന്നതിനു് നാലഞ്ചുപേരെങ്കിലും ഹാജരുണ്ടായിരിക്കും. കത്താവു വ്യാപാരത്തിലും മോഹനൻ പള്ളിക്കൂടം കുട്ടികളെ നോക്കിനില്ക്കുന്ന ജോലിയിലും ഏർപ്പെടും. പത്തുമണിവരെയുള്ള ആ പ്രവൃത്തി ഉത്സാഹവും ഉണർവും ഉള്ളതാണു്. സമപ്രായത്തിലുള്ളവരുടെ ആടിക്കുഴഞ്ഞും, ഇളകിമറിഞ്ഞും, തുള്ളിച്ചാടിയുമുള്ള ആ പോക്കു് അവനു വലിയ ഇഷ്ടമാണു്. പലപ്പോഴും അവരുടെകൂടെ പോയാൽ കൊള്ളാമെന്നു് ഉള്ളിൽ തോന്നിയിട്ടുണ്ടു്. പക്ഷെ, സഞ്ചിയും, പുസ്തകവും, കുടയും ഒന്നുമില്ല. ആ നിസ്സഹായാവസ്ഥ പരിഹരിക്കുന്നതിനു് അത്രയുമൊക്കെ മതിയെന്നാണു് ധാരണ. രക്ഷകത്താവും അപേക്ഷാഫാറവുമെല്ലാം അവന്റെ അറിവിനും പ്രായത്തിനും അപ്പുറത്താണു നിലകൊള്ളുന്നതു്.

മോഹനന്റെ ആ നില്പ് എന്നും കത്താവും കാണുന്നുണ്ടായിരുന്നു. പള്ളിക്കൂടത്തിൽ ചേർക്കുന്നതിനുള്ള സമയം കഴിഞ്ഞുപോയി. ഇനി അടുത്ത പൂജയെടുപ്പിനാകട്ടെന്നു തീരുമാനിച്ചിരിയ്ക്കുകയായിരുന്നു.

ഒരു ദിവസം അവനോട്ട് പള്ളിക്കൂടത്തിൽ പോകണ്ടേ എന്നു ചോദിച്ചു. അതുകേട്ട് മോഹനൻെറ മുഖം സന്തോഷവും സംതൃപ്തിയുംകൊണ്ടു തെളിഞ്ഞു വിളങ്ങി.

മററു കുട്ടികൾക്ക് മോഹനൻെറ ബുദ്ധിശക്തിയിൽ അസൂയതോന്നി. അദ്ധ്യാപകന്മാർ അവനെ അതിരുകവിഞ്ഞു സ്നേഹിച്ചു. ഏതു കാര്യത്തിലും പ്രദർശിപ്പിച്ചുകണ്ട ഷ്രുഷ്കാന്തി പ്രശംസാവഹമായിരുന്നു. പഠിക്കുന്നതുപോലെതന്നെ കളികളിലും ഒന്നാമനാകാൻ അവൻ ആഗ്രഹിച്ചു. പഠിക്കാൻ മിടുക്കുള്ളവർ കളികളിൽ വാസനയില്ലാത്തവരായിരിക്കും. ചിലരൊക്കെ ധരിച്ചുവച്ചിരുന്ന ആ അബദ്ധം മോഹനൻ സുബദ്ധമാക്കിത്തീർത്തു. എല്ലാകുട്ടികളും ഉപന്യാസങ്ങളും അഭിപ്രായങ്ങളും മററും എഴുതിക്കാൻ അദ്ധ്യാപകരുടെ പുറകെ നടക്കുമ്പോൾ തൻെറ ഉപന്യാസ കലാപാടവംകൊണ്ടു് ഗുരുവൃന്ദത്തെ അതിശയിപ്പിച്ചു. അഞ്ചാംക്ലാസ്സിലെ പരീക്ഷക്ക് ഒന്നാമതായി ജയിച്ച മോഹനൻ തേഡ്ഫോറത്തിലും ആസ്ഥാനം നഷ്ടപ്പെടുത്തിയില്ല.

അവൻെറ ഉത്സാഹവും കർത്താവിൻെറ പ്രതീക്ഷകളും പതിന്മടങ്ങു വർദ്ധിച്ചു. രക്തബന്ധംപോലും ഇല്ലാത്തവനുവേണ്ടി എന്തിനാണിങ്ങനെ ബുദ്ധിമുട്ടുന്നതെന്നു് വല്ലവരും ചോദിച്ചാൽ "അവൻെറ വിധിപോലെ വരട്ടെ"ന്നു സമാധാനം പറയും. കാര്യം

കണ്ടുകഴിയുമ്പോഠം പാട്ടിനുപോകുമെന്നു ചിലരൊക്കെ പറയുന്നതു് കത്താവും കേട്ടിട്ടുണ്ടു്. അതൊന്നും വകവയ്ക്കുകയില്ല.

പ്രശസ്തമായ രീതിയിൽ തേഡ്ഫോറം പാസ്സായ മോഹനനെ ഹൈസ്കൂളിൽ ചേക്കുന്നതു് ഒരത്യാവശ്യമായിട്ടുതന്നെ തോന്നി. യാതൊന്നിനും അവൻ ബുദ്ധിമുട്ടരുതെന്നു് പ്രത്യേകം ആഗ്രഹിച്ചു. കൂടുതൽ കൂടുതൽ വാത്സല്യാതിരേകം മോഹനനിൽ അർപ്പിച്ചു കത്താവിനു് ആശ്വാസത്തിനും ആനന്ദത്തിനും വേണ്ടുവോളം വകകഠം ലഭിച്ചിരുന്നു. സഹോദരനിർവിശേഷമായ സ്നേഹവും, ഗുരുജനതുല്യമായ ഭക്തിയും, പിതാവിനൊത്ത ബഹുമാനവും തൻെറ നേരെ പ്രദർശിപ്പിക്കുന്നെന്നുള്ള പരമാർത്ഥം വിശ്വാസങ്ങളെ ബലപ്പെടുത്തിവന്നു. തൻെറ കഴിവിൻെറ പരിധി എത്തറയുണ്ടെന്നും സീമാതീതമായ ആഗ്രഹസാദ്ധ്യതയുടെ മുമ്പിൽ നിരാലംബനാണെന്നും അറിയാമായിരുന്നു. എങ്കിലും ജീവിതത്തിൽ കൈവരിക്കാവുന്നതിലും കവിഞ്ഞ സമ്പത്താണു് ദൈവം തന്നിരിക്കുന്നതെന്നുള്ള മനുഷ്യസഹജമായ സമാധാനം നിരാശപ്പെടുത്തിയില്ല. മോഹനനുവേണ്ടി എന്തും സഹിക്കുവാൻ തയ്യാറായി.

S. S. L. C. പരീക്ഷയിലും മോഹനൻ പ്രശസ്തമാംവിധം വിജയശ്രീലാളിതനായി. സമീപവാസികളിൽ കഴിവുള്ള വിദ്യാർത്ഥികഠം സ്കൂളുകഠം തുറന്നപ്പോഠം കോളേജിലേക്കു പോകുവാൻ ശ്രമിച്ചുതുടങ്ങി.

മോഹനനും ആഗ്രഹമുണ്ടെങ്കിലും അതു സാദ്ധ്യമല്ലെന്നു് തികച്ചും ബോദ്ധ്യമുണ്ടായിരുന്നു.

കർത്താവിന്റെ ഭാവനകൾ അതിരില്ലാത്തതും ആശാലത വളർച്ച നിലയ്ക്കാത്തതുമായിരുന്നു. അതിന്റെ പരിസമാപ്തിയിൽ ഉന്നതനിലകളിൽ ശോഭിക്കുന്ന ഭാഗ്യവാനായ ഒരു യുവകേസരിയെയാണ് അദ്ദേഹം മോഹനനിൽക്കൂടെ സ്വപ്നം കാണുന്നതു്. അതു് അസ്ഥാനത്തു് ലക്ഷ്യമില്ലാതെ നിലച്ചുപോകുന്നതു് ഇഷ്ടമായിരുന്നില്ല.

പരിപാടികൾ ഉദ്ദേശത്തിനൊത്തവണ്ണം അവസാനിക്കണമെങ്കിൽ ഗണ്യമായ ഒരു സംഖ്യയില്ലാതെ സാദ്ധ്യമല്ല. അതിനെക്കുറിച്ചുള്ള വിചാരധാര അലട്ടിക്കൊണ്ടിരുന്നപ്പോൾ അതിൻമുമ്പു പലയവസരങ്ങളിലും വേണ്ടെന്നുവച്ച ഒരു കാര്യം സാധിതപ്രായമാക്കുവാൻതന്നെ തീരുമാനിച്ചു. യുക്തിയും ബുദ്ധിയും ഒന്നുപോലെ സഹകരിച്ചാൽ വൈഷമ്യം സംഭവിക്കുകയില്ലെന്നായിരുന്നു സമാധാനം.

പരിതസ്ഥിതികളുടെ ആനുകൂല്യമായിരിക്കാം മനുഷ്യനെ എന്തിനും പ്രേരിപ്പിക്കുന്നതു്. അനാവശ്യങ്ങളായ ആഗ്രഹങ്ങൾ നിറവേററുവാൻ, സംഭവിച്ചേക്കാവുന്ന ഏതു വിപത്തിനേയും വിഗണിച്ചുകൊണ്ടു് ചെയ്യുന്ന പ്രവൃത്തികളുടെ ഫലങ്ങൾ മാത്രമായിരിക്കും പിന്നാലെയുള്ള പശ്ചാത്താപത്തിന്റെയും കഷ്ടപ്പാടുകളുടെയും ചുമടുകൾ. അത്തരം ആയിരക്കണെ

ക്കിനനുഭവങ്ങളുടെ പട്ടിക മനുഷ്യന്റെ മുമ്പിൽ നീണ്ടുനിവൎന്നു കിടന്നാലും ശരി, തനിക്കു് അങ്ങനെ ഒന്നും വരികയില്ലെന്നുള്ള താൽക്കാലിക സമാധാനമായിരിയ്ക്കാം വിശേഷബുദ്ധിയുള്ള മനുഷ്യനെ ഇന്നും മൃഗീയതയിലേക്കു വലിച്ചിഴച്ചുകൊണ്ടിരിക്കുന്നതു്. ഉള്ളതുകൊണ്ടു സമാധാനിക്കാനും ഇല്ലാത്തതിനുവേണ്ടി ആഗ്രഹംതോന്നാതിരിക്കുവാനും ഉള്ള ഒരു കഴിവു്; അതിനുവേണ്ടി മാത്രമാണോ ഇന്നും മനുഷ്യൻ അലഞ്ഞുതിരിയുന്നതെന്നു് തോന്നിപ്പോകുന്നു.

തന്നെ കോളേജിലയയ്ക്കുവാൻ കൎത്താവു തീരുമാനിച്ചുകഴിഞ്ഞെന്നറിഞ്ഞപ്പോൾ മോഹനൻ അതിശയിച്ചു. അതിനുള്ള മാർഗ്ഗം എന്തെന്നു് ആരായുവാൻ അവകാശമില്ല. പ്രാപ്തിയും തന്റേടവുമുള്ളവരുടെ കുട്ടികളേക്കാൾ കാര്യമായ രീതിയിൽ മോഹനനെ കോളേജിലേക്കു യാത്രയാക്കി. പണത്തിനോ മററു് ആവശ്യങ്ങൾക്കോ ഒരു തവണപോലും എഴുതയക്കേണ്ടി വന്നില്ല. തന്റെ മനോരാജ്യമണ്ഡലങ്ങളെപ്പോലും പിന്നോക്കംപായിച്ചുകൊണ്ടു് ഒരു സൗഭാഗ്യ സോപാനം വികസിച്ചു് ഉയരുന്നതു് അവൻ പ്രത്യക്ഷത്തിൽ തന്നെ കണ്ടുതുടങ്ങി. കഷ്ടപ്പെട്ടും ബുദ്ധിമുട്ടിയും തനിക്കു വേണ്ടി ചെലവാക്കുന്ന പണം നിരുപയോഗപ്രദമാകരുതെന്നു കരുതി നല്ലതുപോലെ പരിശ്രമിച്ചു. മോഹനൻ നല്ലനിലയിലെത്തുമ്പോൾ അതിന്റെ അടിത്തറ തന്റെ സന്മനസ്സും പ്രയത്നവുമാണെന്നു് അഭിമാനിക്കണം. അത്രമാത്രമെ കൎത്താവിനു് ആഗ്രഹം

ഉണ്ടായിരുന്നുള്ളു. അതു നിറവേററപ്പെടണമെന്നു് അ വനും ശപഥം ചെയ്തു.

ക്ലാസ്സുകൾ ഓരോന്നും പിന്നിലാക്കിക്കൊണ്ടു് മോഹനൻ ലക്ഷ്യത്തിലേക്കു് അടുത്തു. യഥാസമയ ത്തു് സഹായിക്കാൻ ആളുകളുണ്ടെങ്കിൽ എത്ര പേരു ടെ കഴിവുകൾ പ്രയോജനപ്പെട്ടുമായിരുന്നു?

അക്കൊല്ലം B. L. ഡിഗ്രി സമ്പാദിച്ചവരിൽ ഒ ന്നാംസ്ഥാനം കരസ്ഥമാക്കിയതു് മോഹനൻതന്നെ ആയിരുന്നു. നിശ്ചിത സമയത്തിനുള്ളിൽ അഡ്വക്കേ ററു്പദവിയും കരസ്ഥമാക്കി സത്യപ്രതിജ്ഞ ചെയ്തു് പ്രാക്ടീസ്സു് ആരംഭിച്ചു.

പരിശ്രമിക്കുന്നവനെ വിധികൂടി യഥാവിധി അനുഗ്രഹിച്ചാൽ അവനെ വിജയിക്കുവാൻ ഇന്ദ്രനും ചന്ദ്രനും പ്രാപ്തനല്ലായിരിക്കും. ഗവൺമെൻറിൻെറ കാരുണ്യവും ലായേഴ്സ് അസ്സോസ്യേഷൻെറ പ്രത്യേക ശുപാർശയും നിമിത്തം താമസിയാതെ ത ന്നെ മോഹനൻ സ്ഥലം ഒന്നാംക്ലാസ്സു് മജിസ്ട്രേട്ടായി നിയമിക്കപ്പെട്ടു.

ഔദ്യോഗികകൃത്യങ്ങളിലുള്ള സാമർത്ഥ്യവും പെ രുമാററത്തിലുള്ള പ്രശസ്തതയും മോഹനൻെറ പ്രശസ്തി യെ വർദ്ധിപ്പിച്ചു. അതോടൊപ്പം കത്താവിൻെറ സം തൃപ്തിയും സന്തോഷവും ശുഭാപ്തിവിശ്വാസങ്ങളിലേ ക്കു നീങ്ങിക്കൊണ്ടിരുന്നു. എങ്കിലും ഹൃദയത്തിൻെറ അന്തരാളത്തിൽ നീറിക്കൊണ്ടിരുന്ന വേദന വേണ്ടതു പോലെ ഉപദ്രവിക്കാതിരുന്നുമില്ല. പണമുണ്ടാക്കാൻ

പ്രയോഗിച്ച വിദ്യ ഏതെങ്കിലുംവിധത്തിൽ പുറത്തായാൽ അതിൽ രക്ഷനേടുന്നതു് പ്രയാസമായിരിയ്ക്കും. അറിഞ്ഞുകൊണ്ടുതന്നെയാണു് തെററുകൾ ചെയ്യുന്നതും. അതിൻെറ അനന്തരഫലങ്ങൾ അനുഭവിക്കാനിടവന്നാലും മോഹനൻെറ ജീവിത സൗഭാഗ്യമെങ്കിലും ശേഷിക്കട്ടെ എന്നു ആശംസിച്ചു. മാധുര്യമൂറുന്ന മാമ്പഴത്തിനുള്ളിൽ കടന്ന വിഷാംശംപോലെ ആ ചിന്താജന്തു കർത്താവിൻെറ ഉള്ളിൽകിടന്നു് സ്മരണകൾ വിഴുങ്ങിവളരുകയാണു്.

മോഹനനെ നല്ല നിലയിൽ എത്തിക്കണമെന്നു് എന്തുകൊണ്ടോ ആഗ്രഹിച്ച കർത്താവിൻെറ സാമ്പത്തികശേഷി തുലോം മോശമായിരുന്നു. ഒരു തരത്തിൽ ഹൈസ്കൂൾ വിദ്യാഭ്യാസം ഒന്നു പൂർത്തിയാക്കണം. അത്രമാത്രമെ ആദ്യം വിചാരിച്ചിരുന്നുള്ളു. മിടുക്കും സാമർത്ഥ്യവും കണ്ടപ്പോൾ കോളേജിലയയ്ക്കണമെന്നുതോന്നിയെങ്കിലും വഴി കണ്ടില്ല. അങ്ങിനെ വിഷമിച്ചുകഴിയുമ്പോഴാണു് നാഗർകോവിൽക്കാരനായ ഒരു തമിഴൻ കടയിൽവന്നതും പരിചയപ്പെടാൻ ഇടയായതും. ഒരാഴ്ചക്കുള്ളിൽ അയാൾ വരവിൻെറ ഉദ്ദേശവും തൊഴിലിൻെറ സ്വഭാവവും രഹസ്യമായി കർത്താവിനു ധരിപ്പിച്ചു. അയാളുടെ പങ്കാളിയായൽ ആവശ്യത്തിൽ കവിഞ്ഞ തുക വസൂലാക്കാനുള്ള വഴിയുണ്ടെന്നു ബോദ്ധ്യമായി. ഉള്ളുകള്ളികൾ പുറത്തായാൽ തറവാട്ടിൽ വഴിക്കളം തോണ്ടുന്നതാണു് കാര്യം എന്നാലും ആവശ്യം നടക്കുന്നതിനുവേണ്ടി അതിനൊരുങ്ങുകതന്നെ ചെയ്തു.

എവിടെയോ തയ്യാർചെയ്ത കള്ളനോട്ടുകൾ നാടിന്റെ നാനാഭാഗങ്ങളിൽ കൊണ്ടുനടന്ന് നാലിലൊന്നു വിലക്ക് ചെലവാക്കുകയായിരുന്നു ആ തമിഴന്റെ തൊഴിൽ. ആഴ്ചതോറും ഒരു നല്ല തുക കടയിൽ വന്നിരുന്നതുകൊണ്ട് കർത്താവിനും ആ വ്യാപാരം സൗകര്യപ്രദമായി. പകരം വാങ്ങിവന്ന നോട്ടുകൾ ചരക്കെടുക്കാൻ പോകുമ്പോൾ ലാക്കനുസരിച്ച് ആവശ്യാനുസരണം ചെലവുചെയ്തു. സത്യസന്ധനായ കർത്താവിനെ ആക്കും സംശയിക്കുവാൻ കഴിഞ്ഞില്ല. ഉദ്ദേശത്തിനും ആവശ്യത്തിനും മതിയാകത്തക്ക വക കൈയ്യിൽ വന്നപ്പോൾ ആ പ്രവൃത്തിയിൽനിന്നു പിന്മാറുകയും ചെയ്തു. കൊല്ലങ്ങൾ ഏഴെട്ടുകഴിഞ്ഞു. ഇനി അതൊന്നും അറിയുകയില്ലെന്നു വിശ്വസിച്ചു. അപ്പോഴാണ് കർത്താവിനെ സഹായിച്ച തമിഴനെ ആററിങ്ങൽവച്ച് അറസ്റ്റ് ചെയ്തതു്. അവൻ കഴിയുന്നിടത്തോളം ചെലവു ചെയ്യുവാൻ പരിശ്രമിക്കുകയായിരുന്നു. മററു പലയിടങ്ങളിലും കൊടുത്തിരുന്നതിൽ കൂടുതൽ കൈമാററം ചെയ്തതു് കർത്താവും ആയിട്ടാണ്. അറസ്റ്റ്ചെയ്ത് കഴിഞ്ഞയുടൻ അയാൾ കർത്താവിന്റെ പേരും അധികാരികളെ അറിയിച്ചു. അടുത്തദിവസം രാവിലെ അധികാരികൾ തമിഴനെയുംകൊണ്ടു കർത്താവിനെ അന്വേഷിച്ചു പുറപ്പെട്ടു.

വിശദവിവരങ്ങളടങ്ങിയ അടുത്ത ദിവസത്തെ പത്രം മോഹനന്റെ കൈയ്യിൽ ഇരുന്നുവിറയ്ക്കുകയാണ്.

ജീവിതത്തിൽ മററാക്കുവേണ്ടിയും ഒന്നുംതന്നെ പ്രവൃത്തിക്കുവാൻ ആവശ്യമില്ലാതിരുന്ന കത്താവു് എന്തുകൊണ്ടോ തനിക്കുവേണ്ടി ചെയ്ത ഉപകാരത്തിൻെറ പ്രത്യാഘാതങ്ങൾ. അവ എങ്ങിനെയെല്ലാം വന്നുസംഭവിക്കുമെന്നു് വ്യക്തമായിത്തന്നെ കാണുവാൻ കഴിഞ്ഞു. തെററിനു ശിക്ഷയും പ്രവൃത്തിക്കു ഫലവും പ്രകൃതിയുടെ നിശ്ചയമാണു്. അതുപോലെ ഉപകാരത്തിനുപകരം അപകാരം ഉണ്ടാകാതിരിക്കേണ്ടതും ഒരത്യാവശ്യമാണു്. ആകപ്പാടെ ഒരു വിഷമം. കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങൾ കുമിഞ്ഞുപൊങ്ങുകയാണു്. ഒന്നിനും ഒരുത്തരവും കണ്ടുപിടിക്കാൻ സാധിക്കുന്നില്ല. കത്താവു് അനുഭവിക്കാവുന്ന ദുരിതങ്ങളുടെയെല്ലാം ആരംഭവും അവസാനവും മോഹനൻെറ ജീവിത സൗഖ്യമാണു്.

ഉദ്യോഗം രാജിവച്ചു് എങ്ങിനെയെങ്കിലും രക്ഷാമാൎഗ്ഗം കണ്ടുപിടിക്കുന്നതിനു തയ്യാറായി. ഒരു പക്ഷേ, അതു മറയത്തരമായിരിക്കാം. സംഭവങ്ങൾ കലാശിച്ചതു് അങ്ങിനെയൊക്കെയാണു്. ആ സ്ഥിതിക്കു് കണ്ടുകൊണ്ടിരിക്കുന്നതു് ന്യായമോ ഉചിതമോ അല്ല. കത്താവിനു ജയിലും തനിക്കു ജയിലിലേക്കു് അയയ്ക്കുവാനുള്ള അധികാരവും തമ്മിൽ പൊരുത്തപ്പെട്ടുവാൻ പഴുതില്ല. പ്രകൃതിനിയമത്തിൻെറ മുമ്പിലെങ്കിലും ആ വാദഗതി ശരിയായിരിക്കട്ടെ.

മുറിയിൽ ഉഴറിനടന്ന മോഹനൻെറ വസ്ത്രങ്ങളിൽനിന്നു് വിയർപ്പുതുള്ളികൾ താഴെ വീണുതുടങ്ങി.

# "ബാല്യകാല സഖി"

കൃഷ്ണൻനായർ ആ ഹോട്ടലിൽ ചെന്നിട്ട് ഒരാഴ്ച കഴിഞ്ഞു. അല്പം ഭേദപ്പെട്ട ഒരു തറവാട്ട്. അവിടത്തെ കാരണവരുടെ രണ്ടാമത്തെ മകനാണ് മി: നായർ. സാധാരണ ചെറുപ്പക്കാരെപ്പോലെ അയാളും ബിരുദധാരിയാണ്. സ്വന്തമായിട്ടൊരു ജോലിയുടെ കുറവല്ലാതെ മററു വൈഷമ്യങ്ങളൊന്നും അലട്ടുന്നില്ല. വിദ്യാഭ്യാസം ഏതാണ്ട് ഉദ്ദേശിച്ചതുപോലെ തന്നെ കലാശിച്ചു. അതിനുശേഷം വീട്ടുകാരെ ഉപദ്രവിക്കരുതെന്ന് ഒരു ആഗ്രഹം ഉള്ളിൽ തോന്നി. സ്വദേശത്ത് പലയിടങ്ങളിലും എല്ലാത്തരത്തിലും പരിശ്രമിച്ചു. എവിടെ ചെന്നുനോക്കിയാലും ഡസൻ കണക്കിനു ഗ്രാഡുവേററുകളെ ഒരുമിച്ചു കാണുന്നതിന് വിഷമം ഇല്ലായിരുന്നു. ഗവൺമെൻറിലേക്കും പല അപേക്ഷകൾ അയച്ചിരുന്നു. അവിടെയും ഫലം നാസ്തി. യഥാർത്ഥത്തിൽ അത്രയും പഠിച്ചതുപോലും കഷ്ടകാലത്തിൻെറ കാൽവെപ്പായിട്ടു തോന്നിപ്പോയി.

മററെവിടെയെങ്കിലും പോയാൽ ജോലിയില്ലാതെ അലഞ്ഞുനടക്കുന്നതു നാട്ടുകാർ കാണുകയില്ല. ഗൃഹപ്പീഴക്കു് എന്തെങ്കിലും ജോലി കിട്ടിയാൽ അതും ഒരുപകാരം. അതിനുള്ള പരിശ്രമത്തിൽ വീട്ടുവിട്ടതാണു്.

ദിനരാത്രങ്ങളോട്ടു യാത്രപറയുവാൻ മുറിവാടകയുൾപ്പെടെ കുറഞ്ഞപക്ഷം അഞ്ചുരൂപയെങ്കിലും വേണം. രണ്ടുമൂന്നു ഡിഗ്രികളുടെ ഉടമസ്ഥൻ. അയാൾ പരിഷ്കൃത ജീവിതരീതിയുടെ ഏതു ഭാഗമാണു വെട്ടിക്കുറക്കുന്നതു്.

ആ നഗരത്തിൽ ചെന്നതിനുശേഷം പല കമ്പനികളിലും അന്വേഷിച്ചു. ചിലരൊക്കെ ഒന്നുംരണ്ടും മാസത്തെ അവധി പറഞ്ഞു. ജോലിക്കല്ല. ജോലികൊടുക്കാമെന്നുള്ളതിനെക്കുറിച്ചു് ആലോചിക്കുന്നതിനു്.

ടൈപ്പ്റൈററിംഗിലും ബുക്ക്കീപ്പിംഗിലും ഡിപ്ലോമാ കരസ്ഥമാക്കിയിരുന്നു. അതുകൊണ്ടു് ബാങ്കുകളിലും കയറിയിറങ്ങി. മൂന്നാഴ്ചകഴിഞ്ഞാൽ തീർച്ചയായും ജോലികൊടുക്കാമെന്നു് ഒരു മാനേജിംഗ്ഡയറക്ടർ സമ്മതിച്ചു. നായരുടെ കഴിവും പരിചയവും അദ്ദേഹം പരീക്ഷിച്ചുനോക്കുകയും ചെയ്തു. സമാധാനത്തോടുകൂടി ആ ശുഭവേളയും കാത്തുകഴിയുകയാണു്.

വായനയിൽ വലിയ ഭ്രമം ആയിരുന്നു. കാണുന്ന മാസികകളും വാരികകളുമൊക്കെ വാങ്ങി വായിക്കും. സാഹിത്യരചനയും കഥാഘടനകളുമെല്ലാം

അല്പം സംസ്കാരം വേണമെന്ന ഒരഭിപ്രായക്കാരനാ യിരുന്നു നായർ. അശ്ലീലങ്ങളായ ചിത്രീകരണങ്ങളും ഭാഷാപ്രയോഗങ്ങളും മററും വെറുപ്പുണ്ടാക്കുന്ന വസ്തുത കളാണ്. പഠിച്ചുകൊണ്ടിരുന്നകാലത്തും ആ വക ക്കൊക്കെ വലിയ വലിയ വാദകോലാഹലങ്ങൾ നട ത്തിയിരുന്നു.

ആറുമണികഴിഞ്ഞു. അസ്തമനസൂര്യൻെറ അർ ദ്ധഭാഗത്തോളം ആഴിയിൽ ആണ്ടുകഴിഞ്ഞു. ഇളംകാ റേററു് ആടിയിളകുന്ന തരുശിഖരങ്ങളിൽ ചെ ഞ്ചായം പൂശിക്കൊണ്ടിരുന്ന കിരണാവലി അവയോടു യാത്രപറയാൻ ഭാവിച്ചു. ആകാശത്തിലേക്കുയന്നു പറ ന്നുകൊണ്ടിരുന്ന പക്ഷിജാലം കീ. . കീ. . രവം പുറ പ്പെടുവിച്ചുകൊണ്ടു് കൂട്ടുകൾതേടി പിരിഞ്ഞുപോയി.

അന്നത്തെ കളി അവസാനിച്ചതുകൊണ്ടു് ഓ രോരുത്തരും സ്റ്റേഡിയത്തിൽനിന്നിറങ്ങി വാസസ്ഥ ലങ്ങളിലേക്കു തിരിച്ചു. കൃഷ്ണൻനായരും ഹോട്ടൽ ല ക്ഷ്യമാക്കി നടന്നുതുടങ്ങി. ചെന്നു പതിനഞ്ചുമിനി ട്ടിനുശേഷം കുളി കഴിഞ്ഞു. മിക്കവാറും ഒമ്പതുമണി ക്കായിരിക്കും ഊണു്. അതുവരെ വല്ലതും വായിച്ചു കൊണ്ടിരിക്കും. മേശപ്പുറത്തുകിടന്ന ഒരു ആഴ്ചപ്പതി പ്പെടുത്തു് താളുകൾ മറിച്ചു. വാരികകളും മററും കി ട്ടിയാൽ ആദ്യമെ കഥകൾ വായിച്ചു തീക്കും. വിഷയ വിവരം നോക്കി ചെറുകഥയുടെ പുറമെടുത്തു. പേരു തന്നെ നന്നേപിടിച്ചു. “ബാല്യകാലസ്നേഹം”ഉണ്ണുന്ന തിനുമുമ്പു് വായിച്ചു തീക്കാമോ എന്നു് വാച്ചുനോക്കി.

കസേര അല്പംകൂടെ നീക്കി വിളക്കിനോടടുത്തു് ഇരുന്നു. കഷ്ടിച്ചു് അരമണിക്കൂറകൊണ്ടു് വായിച്ചുതീർത്തു. നീണ്ടകാലയളവിനും അപ്പുറത്തേക്കു് ഓർമ്മകൾ ഓടിപ്പോയെങ്കിലും ശ്രദ്ധയെ വായനയിൽതന്നെ നിലനിർത്താൻ ആവതു പരിശ്രമിച്ചുകൊണ്ടിരുന്നു.

എഴുത്തുകാരൻ വലിയ പ്രസിദ്ധിനേടിയ ആളല്ലെങ്കിലും ഭാവിയുള്ള ഒരു കലാകാരനാകാൻ കഴിവുണ്ടെന്നു് കഥയുടെ കെട്ടുംമട്ടുംകൊണ്ടു് ബോദ്ധ്യമായി. ഇതിവൃത്തം പഴയതെങ്കിലും പുതുമയുടെ പുലരിയിൽ രൂപംകൊടുത്താണു് രംഗപ്രവേശം ചെയ്യിച്ചിരിക്കുന്നതു്. ഒഴുക്കും ഓജസ്സുമുള്ള ഭാഷ. അടുക്കും മുറയും നോക്കി കോർത്തുചേർത്ത വാചകങ്ങൾ. ഇതിലെല്ലാമുപരിയായി നായരുടെ ബാല്യകാലജീവിതത്തെ സാരമായി സ്പർശിക്കുന്ന വസ്തുതകൂടെയാണു് പ്രതിപാദ്യവിഷയം. പരിസരങ്ങളെക്കുറിച്ചു് കലാകാരൻ നടത്തുന്ന ആസക്തിനിറഞ്ഞ വീക്ഷണങ്ങൾ. അവിടെനിന്നും ഉടലെടുക്കുന്ന ഭാവനാവൈഭവം. അതിന്റെ പരിസമാപ്തിയാണു് ആസ്വാദ്യങ്ങളായ കലാസൃഷ്ടികളെന്നുള്ള ധാരണയിൽ നായർ ഒന്നുകൂടെ ഉറച്ചു. അങ്ങിനെ ആ കഥയിൽകൂടെ കഴിഞ്ഞകാലത്തിലെ മിഴിവുററസംഭവങ്ങളിലേക്കു് ഇഴഞ്ഞുചെന്നു. വായന തുടങ്ങിയപ്പോൾമുതൽ വലത്തെ കൈത്തണ്ടിലുള്ളതും ചെറുപ്പകാലത്തുണ്ടായതുമായ ഒരു മുറിവിന്റെ നീണ്ട പാടിൽ മുറയ്ക്കു നോക്കുന്നുണ്ടായിരുന്നു.

വിദേശത്തുതാമസിച്ചിരുന്ന പാർവതൃകാരുടെ ഏഴുവയസ്സുള്ള കൊച്ചുൻ. അടുത്ത വീട്ടിലെ മേസ്തിരിയുടെ മകൾ. മുതിന്നവരേപ്പോലെ അവരും പരിചയക്കാരായി. സ്കൂളിൽപോക്കും, വായനയും, കളിയും, കളിയുമെല്ലാം ഒരുമിച്ചുതന്നെ. ആ സ്നേഹസരസ്സ് ലക്ഷ്യത്തിലേക്ക് ഒഴുകാൻ തുടങ്ങിയപ്പോൾ പാർവതൃകാക്ക് പെട്ടെന്നൊരുമാററം. ഒട്ടിച്ചേർന്നുതുടങ്ങിയ പിഞ്ചുഹൃദയങ്ങളുടെ വിരഹവർണ്ണനയാണ് കഥാവിഷയം. പാർവതൃകാക്കുപകരം പള്ളിക്കൂടം വാദ്ധ്യാരും മേസ്തിരിക്കുപകരം കൃഷിക്കാരനുമായിരുന്നെങ്കിൽ തന്റെ ചെറുപ്പകാലത്തെ അനുഭവത്തിന്റെ തനിപ്പകർപ്പായിത്തീരും.

കൃഷ്ണൻനായക്ക് ഏഴെട്ടുവയസ്സു പ്രായം ഉണ്ടായിരുന്നപ്പോഴാണ് അച്ഛനു കോഴഞ്ചേരിക്കു സ്ഥലം മാററം കിട്ടിയതു്. അവിടെ ചെന്നു താമസം തുടങ്ങിയതു് ഒരു ചെറു കർഷകന്റെ വീട്ടിലായിരുന്നു. അയാളുടെ ഓമന മകൾ. അപരിചിതമായ ആ പ്രദേശത്തു് എല്ലാക്കാരൃത്തിലും അവളായിരുന്നു കൃഷ്ണൻകുട്ടിയെ സഹായിച്ചതു്. വഞ്ചന വശമില്ലാതിരുന്ന ആ ഹൃദയങ്ങൾ കാഞ്ചനവും കാമിനിയുംപോലെ പരസ്പരം ആകർഷിക്കപ്പെട്ടു.

പക്ഷെ ആറുമാസം തികയുന്നതിനുമുമ്പ് വീണ്ടും നായരുടെ അച്ഛനു് സ്ഥലംമാററം കിട്ടി. അന്നു കൂട്ടുകാരിയോടും മററും യാത്രപറഞ്ഞ സന്ദർഭം ഇന്നത്തേതുപോലെ ഓർത്തുപോകുന്നു.

ഒരു ദിവസം പള്ളിക്കൂടത്തിൽ പോയപ്പോൾ എതിരെ വന്ന ഒരു വിരണ്ട കാള. അവൻ കൂട്ടുകാരിയെ ലക്ഷ്യമാക്കി കുതിച്ചു ചാടി. ചെറുപ്പത്തിലും ചുറുക്കും മിടുക്കുമുള്ളവനായിരുന്ന കൃഷ്ണൻകുട്ടി സ്ലേററെടുത്തു കാളയെ അടിച്ചു. അതിൻെറ കൂർത്തകൊമ്പു കൊണ്ടു് കൈത്തണ്ടിലെ മാംസം ഒരു ചാൺ നീളത്തിൽ കീറിപ്പോയി.

അതിനു നന്ദി പ്രദർശിപ്പിക്കാൻ പോലും കഴിവില്ലാത്ത ആ കൂട്ടുകാരിയോടു യാത്ര പറഞ്ഞപ്പോഴത്തെ ഭാവപ്പകർച്ചകൾ. വെള്ളം നിറഞ്ഞ കണ്ണുകളുടെ ഉള്ളു തകൎക്കുന്ന നോട്ടങ്ങൾ. നാക്കനക്കാൻ കഴിയാതെ താൻ നിന്നു വിഷമിച്ച അവസരം. എല്ലാം ഓർത്തു് നായർ ഉണ്ണുന്ന കാര്യം പോലും മറന്നു് അങ്ങിനെ അങ്ങിരുന്നുപോയി.

അതൊക്കെ അറിഞ്ഞുകൊണ്ടെഴുതിയാൽ മാത്രമേ ഇത്രമാത്രം ഒക്കുകയുള്ളെന്നു തോന്നിയെങ്കിൽ അതും തൂലികാവിശേഷം തന്നെ.

അടുത്ത മുറിയുടെ വാതൽ തുറന്ന ശബ്ദമാണ് കൃഷ്ണൻനായരുടെ നിശ്ശബ്ദതയെ ഭേദിച്ചതു്. ഇരുപത്തിനാലു വയസ്സിൽ കൂടുതലില്ലാത്ത ഒരു യുവതിയും അഞ്ചുവയസ്സുള്ള അവരുടെ മകനും ആ മുറിയിൽ പ്രവേശിച്ചു. മുറിയുടെ സൗകര്യവും മററും പറഞ്ഞു മനസ്സിലാക്കിയതിനു ശേഷം ഹോട്ടലിലെ വേലക്കാരൻ തിരിച്ചുപോയി. നായരും ഊണു കഴിക്കുന്നതിനു് മുറി അടച്ചു് താഴത്തേക്കിറങ്ങി.

പെട്ടിയും കുടയും താഴെ വച്ച് കുട്ടിയുടെ കാലിലെ ചെരുപ്പുകളഴിക്കുവാൻ യുവതി മുട്ടു മടക്കി നിലത്തിരുന്നു. കുഞ്ഞിൻെറ കൈയ്യു മുട്ടി അതിൻെറ കയ്യിലിരുന്ന നാലണാത്തുട്ടു താഴെ വീണു. അവിടമൊക്കെ തേടിയിട്ടും കിട്ടിയില്ല. കുഞ്ഞു കരയാനും തുടങ്ങി. പേഴ്സെടുത്തു് നോക്കിയിട്ട് ചില്ലറയുമില്ല. കരച്ചിലിൻെറ വേഗതയും സ്വരവും വർദ്ധിച്ചു. പെട്ടെന്ന് കൃഷ്ണൻനായർ മുകളിലേക്കു കയറിച്ചെന്നു.

"എന്താ കുഞ്ഞു കരയുന്നതു്"?

"ഓ. കയ്യിലിരുന്ന കാൽരൂപാ താഴെ വീണു. നോക്കിയിട്ട് കിട്ടിയില്ല. ചിലപ്പോൾ അടുത്ത മുറിയിലോട്ട് ഉരുണ്ടു പോയതായിരിക്കും."

"ഇതിൽ ഞാൻ തന്നെയാണു താമസിക്കുന്നതു്. തുറന്നുനോക്കാം".

നായർ വേഗം മുറി തുറന്നു. ലൈററിട്ടപ്പോൾ തന്നെ കട്ടിലിൻെറ കാലിനടുത്തു കിടന്ന അണത്തുട്ടു കണ്ണിൽ പെട്ടു.

ഇതാ ഇവിടെത്തന്നെയുണ്ടു്. എന്നു പറഞ്ഞു കൊണ്ടു് അതെടുത്തു കുഞ്ഞിൻെറ കയ്യിൽ കൊടുത്തു.

"ഞാൻ ഉണ്ണുന്നതിനു താഴോട്ടു പോയതാണു്. അപ്പഴാ കുഞ്ഞിൻെറ കരച്ചിൽ കേട്ടതു്."

"ബുദ്ധിമുട്ടിച്ചതിൽ ക്ഷമിക്കണം."

"സാരമില്ല."

നായർ വീണ്ടും ഊണുകഴിക്കാൻ ഇറങ്ങിപ്പോയി.

രണ്ടുമൂന്നു ദിവസങ്ങൾക്കുള്ളിൽ രാധമ്മയും കൃഷ്ണൻനായരും പരിചയക്കാരായി. സംഭാഷണങ്ങൾക്കിടയിൽ അയാൾ തൻെറ വരവിൻെറ ഉദ്ദേശവും വീട്ടിലെ വിവരങ്ങളും മററും സമഗ്രമായി വർണ്ണിച്ചു. എന്നാൽ രാധമ്മ അമ്പലപ്പുഴനിന്നു വരികയാണെന്നും ചില കാര്യങ്ങളൊക്കെ സാധിക്കുവാനുണ്ടെന്നും മാത്രമെ പറഞ്ഞുള്ളു. ഒരു സ്ത്രീയെന്നുള്ള നിലക്കു് നായർ വിശദമായി ഒന്നും അന്വേഷിച്ചതുമില്ല. പെരുമാററത്തിൽനിന്നും അയാൾ സംസ്കാരസമ്പന്നനും സൽസ്വഭാവിയുമാണെന്നു് അവൾക്കു തോന്നിക്കഴിഞ്ഞു. അതനുസരിച്ചുള്ള ബഹുമാനവും പ്രദർശിപ്പിച്ചു.

രാധമ്മക്കു് ആ പട്ടണത്തിൽ ഒരാഴ്ചയോളം താമസിക്കണമായിരുന്നു. പുറത്തുപോയിക്കഴിഞ്ഞു് ചിലപ്പോൾ നാലഞ്ചുനാഴികപ്പകലെ മടങ്ങിയെത്തും. സമയം കളയാൻ നായരുടെ പക്കൽനിന്നും വല്ലതുമൊക്കെ വാങ്ങിവായിക്കും. പലപ്പോഴും കഥകളും കലാകാരന്മാരും സംസാരവിഷയങ്ങളാകുകയും ചെയ്യും. പരിപക്വമതിയും ആവശ്യത്തിനു വേണ്ട തൻേറടവുമുള്ള ഒരു സ്ത്രീയാണു രാധമ്മയെന്നു് നായർക്കു് അനുഭവപ്പെട്ടു.

അന്നു് ഒരു പൊതു ഒഴിവുദിവസം ആയിരുന്നു. ഇരുവരും നേരത്തെ മുറികളിൽ എത്തി. രാധമ്മ മകനെയും കൈയ്ക്കുപിടിച്ചുകൊണ്ടു് നായരുടെ മുറിയിൽ ചെന്നു. അയാൾ അന്നുവരെയുള്ള ചെലവുകളുടെ കണക്കു് അങ്ങുമിങ്ങും കുറിച്ചുവച്ചിരുന്നതു് ഡയറിയിൽ പകർത്തുകയായിരുന്നു.

"ഇരിക്കാം".

രാധമ്മ കൃഷ്ണൻനായർക്ക് എതിരേകിടന്ന കസേരയിൽ ഇരുന്ന് മേശപ്പുറത്തുകിടന്ന ഒരു പഴയ ആഴ്ചപ്പതിപ്പെടുത്ത് പേരും തീയതിയും നോക്കി.

"ഇത് രണ്ടുമൂന്നാഴ്ചകളമുമ്പുള്ളതാണല്ലോ?"

"എന്നാലും അതിലുള്ള ഒരു കഥ എന്റെ ജീവിതത്തെക്കൂടെ ബാധിക്കുന്നതായതുകൊണ്ടു സൂക്ഷിക്കാമെന്നുവിചാരിച്ച് എടുത്തുവച്ചതാണ്."

"ബാല്യകാല സ്നേഹമാണോ?"
കഥ കണ്ടുപിടിച്ചതിനുശേഷം രാധമ്മ ചോദിച്ചു.

"അതെ, അതുതന്നെ. സമയമുണ്ടെങ്കിൽ ഒന്നു വായിച്ചുനോക്കൂ. വളരെ നന്നായിട്ടുണ്ടു്. വായിച്ചപ്പോൾ മുതൽ എഴുത്തുകാരനെ പ്രശംസിക്കുകയും ശപിക്കുകയും ചെയ്യുകയാണ്". എഴുതിക്കൊണ്ടിരുന്നതിനിടയിൽ നായർ ഉത്തരം പറഞ്ഞു.

"അതെന്താ രണ്ടുംക്കൂടെ?

"ഭാവനയാകുന്ന ദൂരദർശിനിയിൽക്കൂടെ വിദൂരങ്ങളിലെ യാഥാർത്ഥ്യങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള കഴിവിനു പ്രശംസയും ആ കഴിവ് ചിലപ്പോൾ എന്നേപ്പോലുള്ള ചിലരുടെയെല്ലാം ഹൃദയങ്ങളെ ഓർമ്മകളുടെ തീനാളങ്ങൾകൊണ്ടു ചൂടുപിടിപ്പിക്കുന്നതിനു ശാപവും" എഴുത്ത് അല്പം നിർത്തിയിട്ടാണ് നായർ അത്രയും പറഞ്ഞത്. "കൊള്ളാം തരക്കേടില്ല" കേവലം രണ്ടേരണ്ടു വാക്കുകൾകൊണ്ട് ആ നീണ്ട വാചക

ത്തിൽ നന്ദിയും അഭിനന്ദനവും രേഖപ്പെടുത്തിയിട്ടു രാധമ്മ കഥ വായിച്ചുതുടങ്ങി.

വരികൾ വായിച്ചുതള്ളുന്തോറും അവരുടെ മുഖം വിചാരധാരയുടെ വിളനിലമായി മാറിക്കൊണ്ടിരുന്നു. ഇടയ്ക്കിടക്കു് തല ഉയർത്തി കൃഷ്ണൻനായരെ നോക്കുന്നുണ്ടായിരുന്നു. എഴുതിക്കൊണ്ടിരുന്നതിനാൽ അയാൾ അതൊന്നും കണ്ടതുമില്ല.

കഥ വായിച്ചുതീർത്തപ്പോഴേക്കു് നായർ കണക്കും എഴുതിക്കഴിഞ്ഞു. വളരെപ്രയാസപ്പെട്ടു് രാധമ്മ ഉള്ളിലുയന്ന ചിന്താവ്യഥയെ ഒതുക്കിനിർത്തി. അതു വായിക്കാതിരിക്കുകയായിരുന്നു നല്ലതെന്നു തോന്നി. അല്ല, ആ ഹോട്ടലിൽ ചെന്നതും നായരുമായി കണ്ടുമുട്ടാനിടയായതും എല്ലാം ഒരുതരത്തിൽ വേണ്ടാത്തതുതന്നെ ആയിരുന്നു. എന്തുചെയ്യാം അതിനൊക്കെയാണു് സംഗതിയായതു്. എല്ലാത്തിലുമുപരിയായി കുറിക്കുകൊണ്ട ഒരു കഥാതന്തുവും.

"എന്താ മുഖത്തൊരു വല്ലായ്മ"? ആ ചോദ്യത്തിൻെറ വേഗതയിൽ കാര്യമറിയുന്നതിനുള്ള ജിജ്ഞാസ പ്രകടമായിരുന്നു".

"വീട്ടിൽ നിന്നിറങ്ങിയിട്ടു് ഒരാഴ്ചകഴിഞ്ഞു. ചില കാര്യങ്ങളെക്കുറിച്ചോർത്തുപോയി. അത്രമാത്രം" സ്ത്രീസഹജമായ സാമർത്ഥ്യം അവിടെയും പരാജയപ്പെട്ടില്ല.

കുറച്ചുസമയത്തിനുള്ളിൽ നായർ സംഭാഷണം ആരംഭിച്ചു. ആ കഥയും തൻെറ അനുഭവങ്ങളുമായുള്ള ബന്ധത്തെയും അയാൾ ഭംഗിയായി വർണ്ണിച്ചു സംസാരിച്ചു. ആ കൂട്ടത്തിൽ ഓർമ്മകൾക്കെല്ലാം സ്മാരകമായി അവശേഷിച്ചിരുന്ന മുറിവിൻെറ പാടും കാണിക്കുന്നതിനു മറന്നുപോയില്ല. ചിലപ്പോഴൊക്കെ വാക്കുകൾ പതറുന്നുമുണ്ടായിരുന്നു.

അതിനൊക്കെ വളരെ മുമ്പുതന്നെ രാധമ്മയുടെ ഹൃദയം നികരാനാവാത്തവിധം പിളന്ന് കഴിഞ്ഞിരുന്നു. എങ്കിലും അവിചാരിതമായുണ്ടായ ആ സമാഗമം ശോകത്തിൻെറ ശാപം ഭൂമിയായി മാററാതിരിക്കാൻ ആഗ്രഹിച്ചു.

രാധമ്മയുടെ ഹൃദയത്തിൻെറ ഗതിവിഗതികൾ അല്പംപോലും നായക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. പെട്ടെന്നുതന്നെ കഥകളെയും കഥാകൃത്തുക്കളെയുംകുറിച്ചു സംസാരിച്ചുതുടങ്ങി. രാധമ്മയും ഏതാണ്ടൊക്കെ പറഞ്ഞുകൊണ്ടിരുന്നു.

അക്കൂട്ടത്തിൽ നായർ ആദരവും ബഹുമാനവും രേഖപ്പെടുത്തി സംസാരിച്ചതു് യുവസാഹിത്യകാരന്മാരുടെ മുൻപന്തിയിൽ എത്തിക്കഴിഞ്ഞിരുന്ന മുരളീനാഥനെക്കുറിച്ചായിരുന്നു. അദ്ദേഹം അപ്പോൾ വിദേശപര്യടനം നടത്തുന്നതിന് പുറപ്പെട്ടിട്ട് ഒരു കൊല്ലം കഴിഞ്ഞിരുന്നു.

തൻെറ കളിത്തോഴിയെ നായർ ഇന്നും മറന്നിട്ടില്ലെന്നു മനസ്സിലാക്കിയ രാധമ്മയുടെ ഹൃദയം തകൎന്നുപോയി. മങ്ങിയതെന്നു തോന്നിയ ആ മുഖം ഒന്നുകൂടി ഇരുണ്ടു. തലകുനിച്ചു് അതെല്ലാം കേട്ടുകൊണ്ടിരുന്നു.

മുമ്പിലിരിക്കുന്ന യുവതിയുടെ ഉരുകിത്തിളക്കുന്ന ഹൃദയസരിത്തിൽ ഓളങ്ങൾ ഉയൎത്തുന്നതിനുള്ള കൊട്ടംകാററാണു് തൻെറ ശബ്ദങ്ങളെന്നു് അയാൾ സ്വപ്നത്തിൽപോലും ഓൎത്തില്ല. വിധിയുടെ വൈപരീത്യങ്ങൾവരുത്തിവച്ച വിനകളെ അവൾ എങ്ങിനെ ഏററു പറയും. ആ കണ്ണുകൾ നിറഞ്ഞു. അല്ല അവ കവിഞ്ഞൊഴുകിത്തുടങ്ങി.

അക്ഷന്തവ്യമായ ഏതോ അപരാധം ചെയ്തവനെപ്പോലെ നായർ അമ്പരന്നു.

അടുത്തുനിന്ന കുഞ്ഞു് അമ്മയുടെ മുമ്പിൽകിടന്ന ആഴ്ചപ്പതിപ്പെടുത്തു് തിരിച്ചുംമറിച്ചും പടങ്ങൾ കണ്ടുകൊണ്ടിരുന്നു. ഏതാനും മിന്നിട്ടുകൾക്കുള്ളിൽ രാധമ്മ സ്വയം നിയന്ത്രിച്ചു. സാരിത്തുമ്പെടുത്തു മുഖം തുടച്ചു.

"കൃഷ്ണൻകുട്ടീ! ഓൎമ്മകൾ മൊട്ടിട്ടുതുടങ്ങിയിരുന്ന അന്നു് വിധിയുടെ കനത്ത കൈത്തണ്ടുകൾ വേദനകളിലേക്കു പറിച്ചെറിഞ്ഞതു് എന്നിൽനിന്നുതന്നെയാണു്. ഇന്നും എന്നേക്കുറിച്ചു് ആത്മാൎത്ഥമായി സ്മരിക്കുന്നുണ്ടെന്നോൎക്കുമ്പോൾ ഞാനാണു് ആ കൊച്ചുകൂട്ടുകാരിയെന്നറിയിക്കുന്നതിൽ ലജ്ജിക്കുന്നു".

വിചാരപാരവശ്യം കൃഷ്ണൻനായരെ സ്വപ്നവും ജാഗ്രത്തും സുഷുപ്തിയുമല്ലാത്ത ഏതോ ഒരവസ്ഥയിലേക്കു നയിച്ചുകൊണ്ടിരുന്നു. പഴമയുടെ പാതാളവും പുതുമയുടെ പൂന്തോപ്പും ഒന്നിച്ചൊരു ജൈത്രയാത്രക്കൊരുങ്ങുന്നതുപോലെ തോന്നി.

"കൃഷ്ണൻകുട്ടി വാനോളം വാഴ്ത്തുന്ന ആ കലാകാരൻ ഈ പിഞ്ചുകുഞ്ഞിൻെറ അച്ഛനാണ്. ആ അനുഗ്രഹംമാത്രമെ നിങ്ങളുടെയെല്ലാം സഹായസഹകരണങ്ങൾകൊണ്ടു് എൻേറതായി അവശേഷിക്കുന്നുള്ളു"

നായർ തൻെറ വാത്സല്യനിധികളുടെ പ്രതിബിംബമായ ആ ഓമനക്കുഞ്ഞിനെ വാരിയെടുത്തുമ്മ വെച്ചു.

## "വിരുതൻ ശങ്കു"

സമയം കിട്ടുമ്പോഴൊക്കെ ശങ്കു ലൌകികവും ശാരീരികവുമായ വികാരങ്ങളെ മുളപ്പിക്കുന്നതിനു പര്യാപ്തങ്ങളായ കഥകൾ പറഞ്ഞു് കുഞ്ഞമ്മയെ രസിപ്പിക്കും. അയാളുടെ വിരുതു നിറഞ്ഞ ഉദ്ദേശങ്ങളുടെ മറുവശം ആ പെൺകൊടി കണ്ടിരുന്നില്ല. കണ്ടാലും ശങ്കുവല്ലെ? പിന്നെന്തോന്നു ചിന്തിക്കാനാണു്. അയാൾ ചതിച്ചെന്നുവരുമോ?

ആലങ്ങാട്ടുമനയ്ക്കലെ അവകാശികളാണു്. നീലകണ്ഠൻ തിരുമേനിയും അനുജനും. അവരുടെ അഛൻ നാട്ടുകാരുടെ കണ്ണിലുണ്ണിയാണു്. പൊതുക്കാര്യങ്ങളിലെല്ലാം വല്യതിരുമേനിയെ മുമ്പിൽ കാണാം. എത്ര പ്രഗത്ഭനായ കരപ്രമാണിയായാലും ശരി അദ്ദേഹത്തെ കണ്ടാലുടനെ എഴുന്നേററുകഴിയും. മററുള്ളവരുടെ ഐശ്വര്യത്തിനും ഉയർച്ചക്കും, മുമ്പും പിമ്പും നോക്കാതെ പ്രവർത്തിച്ചുപോന്നു. എല്ലാ ജന്മിമാരേയും പോലെ തോന്നുമ്പോഴെല്ലാം കുടിയിറക്കുന്ന പതിവു് തിരുമേനിയ്ക്കറിയാൻ പാടില്ലായിരുന്നു.

കൊച്ചുതിരുമേനിമാരുടെ കാലിൽ ഒരു മുള്ളെങ്കിലും കൊണ്ടെന്നറിഞ്ഞാൽ അച്ഛന്റെ ഹൃദയത്തിൽ വാൾ ഇറങ്ങുകയായി. മക്കളെ കുളിപ്പിക്കുന്നതിനും, ഊട്ടുന്നതിനുമൊക്കെ പ്രത്യേകം വേലക്കാരുണ്ടായിരുന്നു. അവക്കു കിട്ടുന്നതുപോലെയാണു് കുഞ്ഞുങ്ങളെ നോക്കുന്നതു്. ആ പരമാത്ഥം മനസ്സിലാക്കിയ തിരുമേനി ചെല്ലും ചെലവും കൊടുത്തായിരുന്നു അവരുടെയൊക്കെ സ്നേഹാതിരേകത്തെ വിലയ്ക്കു വാങ്ങിയതു്.

കൊച്ചുതിരുമേനിമാരുടെ സഹപാഠിയാണു് കൃഷിക്കാരന്റെ മകൻ ശങ്കു. സ്കൂളിൽപോകുന്ന സമയത്തിനു വളരെ മുൻപു് അവൻ ഇല്ലത്തെത്തും. കുഞ്ഞുങ്ങളുടെ കൂട്ടുകാരനും കൃഷിക്കാരന്റെ മകനുമായതുകൊണ്ടു് ഇല്ലത്തെ അമ്മക്കു് ശങ്കുവിനെ വലിയ കാര്യമാണു്. മൂന്നുപേക്കും കൂടെയാണു് കാപ്പി കൊടുക്കുന്നതു്. അങ്ങനെ ആ ചങ്ങാതികൾ ഒരുമിച്ചു വളന്നു തുടങ്ങി.

മററു കുട്ടികളേക്കാൾ സമർത്ഥനാണു് ശങ്കു. പഠിത്തത്തിൽ അവനെ ആരും ജയിക്കുകയില്ല. പ്രായം ചെന്നവരേക്കാൾ ബുദ്ധിയും തന്റേടവും എല്ലാക്കാര്യങ്ങളിലും പ്രദർശിപ്പിച്ചു.

ചുണയും മിടുക്കും കണ്ടു് വല്യതിരുമേനി കല്പിച്ചു സമ്മാനിച്ച സ്ഥാനപ്പേരാണു് "വിരുതൻ ശങ്കു"

വല്യതിരുമേനിക്കു് ആധുനിക വിദ്യാഭ്യാസത്തോടു് വലിയ മതിപ്പൊന്നും ഇല്ലായിരുന്നു. വേല-

യെടുത്തു ജീവിക്കാൻ പഠിക്കണം അതാണു ശരിയായ പഠിത്തം. മൂത്തമകന്ന് പതിനഞ്ചുവയസ്സായപ്പോൾ രണ്ടുപേരുടെയും വിദ്യാഭ്യാസം നിർത്തി. അതിനുശേഷം വീട്ടുകാര്യങ്ങളൊക്കെ നടത്തുന്നതിന് കുറേശ്ശെ പരിശീലിപ്പിച്ചു തുടങ്ങി.

വാർദ്ധക്യത്തിലേക്കും അരുതായ്മയിലേക്കും കാലൂന്നിയതോടെ മക്കളുടെ വിവാഹം നടത്തിക്കണമെന്ന് ആഗ്രഹമുണ്ടായി.

പലയിടങ്ങളിലും ആലോചനകൾ നടന്നു. ഏററവും ഉത്തമമെന്ന് തോന്നിയതു് തീരുമാനിച്ചു. രണ്ടുപേരുടെയും വിവാഹങ്ങൾ ഒന്നിച്ചു് ഒരേ മുഹൂർത്തത്തിലാണ് കഴിഞ്ഞതു്. ചടങ്ങുകളെല്ലാം അന്തസ്സിനൊത്തവിധം പൊടിപൂരമായിരുന്നു. ചില നല്ല സമ്മാനങ്ങളൊക്കെ ശങ്കുവിനും കിട്ടി.

വല്യതിരുമേനിയുടെ ശരീരക്ഷീണം നിമിത്തം മൂത്തമകനായ നീലകണ്ഠൻ തിരുമേനിയാണ് മിക്ക കാര്യങ്ങളും നടത്തിയിരുന്നതു്. ശങ്കുവും മൂത്തമകന്റെ പക്കലാണ്. അങ്ങനെ പുതിയ കൃഷിക്കാരനും മൂത്ത മകനുംകൂടെ ഭരണം തുടങ്ങിയതോടെ അസ്വസ്ഥതകളും വർദ്ധിച്ചുതുടങ്ങി. ചില പ്രവൃത്തികളൊക്കെ ഇളയ തിരുമേനിയെ ശുണ്ഠിപിടിപ്പിച്ചു. പോന്നപോരാത്തതെല്ലാം ഭാര്യ ഉപദേശിച്ചുകൊടുത്തു. അച്ഛനെ ഭയന്ന് ആരും ഒന്നും പറഞ്ഞില്ലെന്നുമാത്രം.

അങ്ങനെ കഴിയുമ്പോഴാണ് വല്യതിരുമേനിയു ടെ ആഗ്രഹം സാധിച്ചതു്. മൂത്തമകൻെറ വേളി ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. ആനന്ദത്തിൻെറ വേലിയേററം ആശ്വാസത്തിൻെറ മതില്ക്കെട്ടുകളിൽ ചെന്നുമുട്ടിനിന്നു. എങ്കിലും ഇളയതിരുമേനിയുടെ ഭാര്യക്കുമാത്രം ഒരു കണ്ണുകടി. വേദനയും അസൂയയുംകൊണ്ടു് ഉള്ളുനിറഞ്ഞു. എങ്കിലും എന്താണു ചെയ്യുക? അതിനുമാത്രം മനുഷ്യനു് അധികാരവും കഴിവുമില്ല. അവിടമൊക്കെയാണു് ദൈവമുണ്ടെന്നു ചിലപ്പോഴൊക്കെയെങ്കിലും വിശ്വസിക്കുന്നതിനു് ഇടയാക്കുന്നതു്.

നീലകണ്ഠൻതിരുമേനി അച്ഛനായതിൻെറ നാലാമത്തെ മാസത്തിൽ വല്യതിരുമേനിക്കു് പെട്ടന്നുണ്ടായ ആലസ്യം. അതു് അദ്ദേഹത്തെയുംകൊണ്ടാണു് യാത്രപറഞ്ഞതു്.

ഇളയതിരുമേനിയുടെ ഭാര്യക്കു് നല്ല ഒരവസരം കിട്ടി. ഉള്ളിൽ തലപൊക്കിനിന്നിരുന്ന ഉഗ്രസർപ്പം ഫണംവിരിച്ചു് ആടാൻ തുടങ്ങി. മകൾ പിറന്നതു് വല്യതിരുമേനിയെ കൊല്ലാനായിരുന്നെന്നുപോലും അവർ പറഞ്ഞു എതൃപ്പും വെറുപ്പും വളൎന്നു് ഓഹരി വയ്ക്കണമെന്നുവരെയായി. അതുതന്നെ നടക്കുകയും ചെയ്തു. കൃഷിക്കാരൻ ശങ്കുവൊഴികെയുള്ളതെല്ലാം ശരിക്കുശരിയായി പങ്കുവച്ചു. സഹോദരസ്നേഹം ആ വീതംവയ്പിൽ ഒരു പ്രശ്നമേ അല്ലായിരുന്നു.

കുറച്ചുകഴിഞ്ഞപ്പോൾ വസ്തുവിനു നല്ലവിലവന്നു. മലബാറിൽ കുറഞ്ഞവിലക്കു് ധാരാളം സ്ഥലംകിട്ടു

THE KOTTAYAM PUBL... KOTTAYAM, TRAVANCORE

ന്നതിനൊരു ലാക്കും. കടുംബത്തിൽനിന്നും കിട്ടിയതെല്ലാം വിററു് ഇളയതിരുമേനി മലബാറിലേക്കു യാത്രയായി. പിന്നീടു രണ്ടുപേരും എഴുത്തുകൾ വഴിയായിയിട്ടുപോലും വിവരങ്ങളറിയാൻ ആഗ്രഹിച്ചതുമില്ല.

ശങ്കു, ജ്യേഷ്ഠൻതിരുമേനിയുടെക്കൂടെ കടുംബത്തിൽ താമസിച്ചു. അമ്മയെ ഇളയ മകൻ കൊണ്ടുപോയി. ഇല്ലത്തെ കാര്യങ്ങളെല്ലാം ശങ്കുവാണു നോക്കുന്നതു്. വേലക്കാക്കും മററും തിരുമേനിയേക്കാൾ ഭയം കൃഷിക്കാരനെയാണു്. വിശ്വസ്തനായ അയാൾ അടുത്ത മിത്രവും, ചങ്ങാതിയും, രക്ഷകനും എന്നുവേണ്ടാ എല്ലാമായിട്ടാണു കഴിയുന്നതു്. ഭാര്യയ്ക്കും ശങ്കുവിൻെറ വാക്കു് വേദവാക്യമാണു്.

നീലകണ്ഠൻതിരുമേനി ഇന്നു് നാലുകുഞ്ഞുങ്ങളുടെ അച്ഛനാണു്. മൂത്ത മകൾക്കു് പതിനേഴുവയസ്സുപ്രായമുണ്ടു്. കുട്ടിക്കാലംമുതലെ മകളുടെ ശുശ്രൂഷകൾ ശങ്കുവിനെ ഏല്പിച്ചിരിക്കുകയായിരുന്നു. അതിനെ സന്തോഷിപ്പിക്കുന്നതിനു് പട്ടണത്തിൽനിന്നു മടങ്ങുമ്പോൾ വല്ലതുമൊക്കെ കൊണ്ടുചെന്നുകൊടുക്കും. വൈകിട്ടു ക്ഷേത്രത്തിൽ പോകുന്നതും മററും ശങ്കുവിൻെറക്കൂടെയാണു്. ചെറുപ്പംമുതലെ തുടൎന്നുവന്ന ആ പരിപാടികൾക്കു് പ്രായപൂൎത്തി ഒരു വിലങ്ങുതടി അല്ലായിരുന്നു.

"കുഞ്ഞമ്മ"യെന്നു ശങ്കു ഉറക്കെ വിളിക്കുകയില്ല.. ആവശ്യങ്ങളൊക്കെ ശങ്കുവിനെയാണു് അറിയി

ക്കുന്നതു്. ലാക്കുനോക്കി അതൊക്കെ തിരുമേനിയുടെ കാതുകളിൽ എത്തിക്കും. എങ്ങിനെയെങ്കിലും സാധിപ്പിച്ചുകൊടുക്കും. ഇല്ലെങ്കിൽ അയാൾക്കു് ഉറക്കം വരികയില്ല. കുഞ്ഞമ്മയുടെ വിഷമം കാണുമ്പോൾ ചങ്കുപറിഞ്ഞുപോകുന്നതുപോലെ തോന്നും. ആദ്യം വാങ്ങിക്കൊടുത്ത പേന സ്കൂളിൽവച്ചു മറന്നു ആരോ എടുത്തു. പകരം ഒരെണ്ണം വാങ്ങിക്കാൻ അച്ചൻ വിസമ്മതിച്ചു. എങ്കിലും ശങ്കു വാങ്ങിച്ചുകൊടുത്തു. പേനാ കൈയ്യിൽ വാങ്ങിയിട്ടു് കുഞ്ഞമ്മ കിളിപോലെ ചിലച്ചു "ആള വിരുതനാ".

ശങ്കു പാല്പായസം കുടിച്ചതൃപ്തിയോടെ ഒന്നു ചിരിച്ചു. കുഞ്ഞമ്മ കാലടികൾ പെറുക്കിവച്ചു്ചാഞ്ഞും ചരിഞ്ഞും നടന്നുപോയി. അതൊക്കെ കാണുന്നതിൽ കവിഞ്ഞ ഒരു മോക്ഷമുണ്ടെന്നു് അയാൾക്കു വിശ്വസിക്കാൻതന്നെ കഴിഞ്ഞില്ല.

ആ സ്നേഹപ്രകടനങ്ങൾ രംഗത്തിൻെറയും മോഹത്തിൻെറയും മുള്ളുവേലികൾ തട്ടിനിരത്തുന്നതിനു പോലും മടിച്ചില്ല. അനുകൂലങ്ങളായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനു് ശങ്കു ഒട്ടും പിന്നോക്കവും അല്ലായിരുന്നു.

കാലത്തിൻെറ കാലടികൾ ദുരന്തനാടകങ്ങൾ പലതും ആടിക്കഴിഞ്ഞു. അതിൻെറ മർദ്ദനമുറകൾക്കു വിധേയമായി ആലങ്ങാട്ടു മന അപമാനത്തിൻെറയും നാശത്തിൻെറയും നെല്ലിപ്പലക കണ്ടു. പഴയതറവാ-

ടിന്റെ സ്ഥാനത്തു് വള്ളിക്കുടിലുകളും മുള്ളൻചെടികളുമാണു്. പറമ്പിൽക്കൂടെ നടക്കുന്നതിനുപോലും ആളുകൾ ഭയപ്പെട്ടു. ഐശ്വര്യത്തിന്റെ അരങ്ങേററം നടന്നിടത്തു് അധഃപ്പതനത്തിന്റെ ദീർഘശ്വാസങ്ങൾ ഉയരുകയാണു്. നീലകണ്ഠൻ തിരുമേനിയുടെ ഭാര്യയും ഇളയകുട്ടികൾ മൂന്നും വളരെ അകലെയുള്ള ഒരു ചെറിയ വീട്ടിലാണു താമസം.

ശങ്കു നടന്നും പട്ടിണി കിടന്നും വിഷമിച്ചു. നാളുകൾ വളരെ കഴിഞ്ഞതിനു ശേഷമാണു് ഇളയ തിരുമേനിയെ കാണാൻ പോകണമെന്നു തോന്നിയതു്. എന്നാൽ ധൈര്യം അനുവദിച്ചതുമില്ല. എങ്കിലും വിരുതനും ചതുരനുമായ അയാൾ ചില പ്ളാനൊക്കെ ഉള്ളിൽവച്ചുകൊണ്ടു് ആ സാഹസകൃത്യത്തിനു തയ്യാറായി.

എറണാകുളംമുതൽ തൃശ്ശൂർ വരെ നടന്നു. അവിടെനിന്നും ട്രെയിനിൽ കയറി കോഴിക്കോടിൻ പത്തുമൈൽ ഇപ്പുറത്തിറങ്ങി. അവിടെവച്ചാണു് റെയിൽവേ അധികൃതരുടെ കണ്ണിൽപെട്ടതു്. പിടികൂടിയപ്പോൾമുതൽ ഒന്നാംതരം പൊട്ടന്റെ ഭാവങ്ങൾ അഭിനയിച്ചുകൊടുത്തു. ഗ്രഹപ്പിഴ ഒഴിയട്ടെന്നു കരുതി അവരും ഇറക്കിവിട്ടു. സ്റ്റേഷനു വെളിയിൽചെന്നു് പലരോടും തിരക്കി കൃത്യദൂരം മനസ്സിലാക്കി. സുമാർ 40 മൈൽ പോകണം. ഇഴഞ്ഞും വലിഞ്ഞും നടക്കാതെ എന്തു ചെയ്യും. വിശപ്പിന്റെ കൂടുതൽകൊണ്ടു ഇടയ്ക്കിടയ്ക്കു് കൈനോട്ടക്കാരനും മുറിവൈദ്യനുമൊക്കെ ആകുകയും ചെയ്തു.

മൈലുകൾ ചവുട്ടി നീക്കുന്നതോടൊപ്പം മനസ്സിലെ ഭീതിയും വെപ്രാളവും വർദ്ധിച്ചുകൊണ്ടിരുന്നു. ക്ഷീണവും പ്രാകൃതഭാവവും ഒക്കെ കാണുമ്പോൾ തിരുമേനി വിവരം അന്വേഷിക്കും. അതിനൊക്കെ എന്തെങ്കിലും ഒഴിവുകഴിവുകൾ പറയാം. വഴിച്ചെലവിനുള്ള പണം വല്ലവരും അപഹരിച്ചെന്നു തട്ടിവിടാം. പക്ഷേ, കഥകൾ വല്ലതും അദ്ദേഹം ധരിച്ചിട്ടുണ്ടെങ്കിൽ? ഇല്ല. ഒരിക്കലും അതിനു വഴിയില്ല. അറിഞ്ഞിരുന്നെങ്കിൽ ഒന്നുവരികയെങ്കിലും ചെയ്യുമായിരുന്നു. നടന്നതൊന്നും അറിയാതെ കൊച്ചുതിരുമേനി, ജ്യേഷ്ഠനും കുടുംബവും സുഖസമ്പൂർണ്ണതയിൽ വിരാജിക്കുന്നുണ്ടെന്നു ധരിച്ചിരിക്കുകയാണ്.

നട്ടുച്ചസമയം. കടുത്ത വെയിലിൽ മണൽപ്പാതകൾ ഉരുകിത്തിളക്കുന്നു. ജീവജാലങ്ങൾ പൊരിഞ്ഞു മലയുകയാണ്. വൃക്ഷശാഖകൾ നിശ്ചലം നിലകൊള്ളുന്നു. കാനൽജലം കണ്ട മൃഗജാലംപോലെ ശങ്കു ഓരോ വീടിന്റെയും മുമ്പിൽ ചെന്നിട്ടു വീണ്ടും വലി[illegible]ഞ്ഞുനടക്കുകയാണ്.

നാട്ടിൽവച്ചു വെറുക്കപ്പെട്ടവനായിരുന്നു. എങ്കിലും വളരെക്കാലം കൂടെ കണ്ടതുകൊണ്ടു് കൊച്ചുതിരുമേനിക്കു വലിയ സന്തോഷമാണുണ്ടായതു്. വിയർപ്പിൽ കുളിച്ചു ശങ്കു പടികയറി ചെല്ലുന്നതു കണ്ടപ്പോൾ അദ്ദേഹം ഇറങ്ങിവന്നു സ്വാഗതം ചെയ്തു. അപ്പോൾമാത്രമാണ് ഏറിയകാലംകൊണ്ടു തടഞ്ഞു നിന്നിരുന്ന ശ്വാസം നേരെ പോകുവാൻ തുടങ്ങിയതു്.

അല്പം ആശ്വസിച്ചതിനുശേഷം ശങ്കു കുളിയും ഊണും കഴിഞ്ഞു. തിരുമേനി കുശലപ്രശ്നങ്ങൾക്കും എത്തി.

"എന്താ ശങ്കു! ഇല്ലത്തെ വിശേഷങ്ങൾ?"

"ഒന്നുമില്ല തിരുമേനി! ഇല്ലത്തൊന്നുമില്ല"

"കാലങ്ങൾ വളരെ ആയെങ്കിലും പറയത്തക്ക വിശേഷങ്ങൾ ഒന്നും ഇല്ലാത്തതുതന്നെ ദൈവാധീനം"

"അങ്ങിനെ പറയത്തക്കതായിട്ട് ഇല്ലത്തൊന്നുമില്ല കൊച്ചുതിരുമേനി! സമാധാനിച്ചാട്ടെ. എല്ലാം ദൈവമല്ലെ നടത്തുന്നത്."

ശങ്കുവിൻെറ സമാധാനം കേട്ട് തിരുമേനിയുടെ മുഖം കൂടുതൽ തെളിഞ്ഞു തുടങ്ങി. ശങ്കു പല കഥകളും പറഞ്ഞു സന്തോഷിപ്പിച്ചു. ഇടയ്ക്കിടക്ക് തിരുമേനി വീണ്ടും വീണ്ടും വീട്ടിലെ വിശേഷങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. അപ്പോഴെല്ലാം ശങ്കു നാലക്ഷരങ്ങളിൽ ശരിയായ ഉത്തരവും നല്കി.

"ഒന്നുമില്ല".

ശങ്കു ഒരാഴ്ചയോളം ഇല്ലത്തു താമസിച്ചു. ചെന്നതിൻെറ അടുത്ത ദിവസംതന്നെ പോകാൻ തിടുക്കം കൂട്ടി. തിരുമേനിയുടെ നിർബന്ധംകൊണ്ടങ്ങു താമസിച്ചെന്നേയുള്ളു.

അന്നുരാവിലെ പുറപ്പാടിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. യാത്രപറയാൻ ചെന്നപ്പോൾ ഒരു പൊതി തിരുമേനി സമ്മാനിച്ചു.

"വഴിച്ചെലവിനാണ്. ഒരു നൂറുരൂപായുണ്ട്. ഇരിക്കട്ടെ ശങ്കു. വിവരങ്ങളൊക്കെ എല്ലാവരേയും അറിയിക്കണം. കേട്ടോ."

ശങ്കു തല കുലുക്കി. വേണ്ടെന്നുപറഞ്ഞുകൊണ്ടു് രണ്ടു കൈകളും നീട്ടി പൊതി സ്വീകരിച്ചു. അവസാനമായി തിരുമേനി ഒന്നുക്കൂടി ചോദിച്ചു. "ശങ്കു, വിശേഷം ഒന്നുംതന്നെയില്ലല്ലോ?"

"എന്റെ തിരുമേനി! വന്നപ്പോൾമുതൽ അവിടുന്നു ചോദിക്കുന്നു വിശേഷമൊന്നുമില്ലല്ലോന്നു്. പരമാർത്ഥം അടിയൻ പറയുകയും ചെയ്തു. എന്നാലും അങ്ങേക്കൊരു സംശയം. അതുകൊണ്ടു് ഒരു ചെറിയ വിശേഷം ഇപ്പോഴാണടിയൻ ഓർത്തതു്. നമ്മുടെ കിട്ടു മരിച്ചുപോയി." അതു കേട്ടപ്പോൾ തിരുമേനിയുടെ മുഖം വിളറി.

"എന്റെ ശങ്കു! അവൻ മനുഷ്യനെക്കാൾ സ്നേഹവും നന്ദിയുമുള്ളവനായിരുന്നു. ചോറുകൊടുക്കുന്നെങ്കിൽ പട്ടിക്കു കൊടുക്കണം. എങ്ങനെ മരിച്ചെടാ അവൻ?"

"അതാ തിരുമേനീ അതിശയം. എന്തോപറയാനാ. പശുക്കളുടെ ഇറച്ചി കണ്ടമാനം തിന്നുകളഞ്ഞു. ഉരുണ്ടും പിടഞ്ഞുമാണു മരിച്ചതു്".

"എന്തോന്നാ ശങ്കു! പശുവിന്റെ മാംസം കിട്ടു ഭക്ഷിച്ചെന്നോ? ഇല്ലത്തുനിന്നു്?"

"അതെ തിരുമേനീ! ഗോ മാംസം തന്നെ".

"ഛെ! എന്തൊരസംബന്ധമാണീപ്പറേന്നതു്? ഇല്ലത്തു ഗോ മാംസം എങ്ങിനെ വന്നു. ഇതു നല്ലവിശേഷമാണല്ലോ".

"അതെ, തിരുമേനീ ഇങ്ങനെയൊരു വിശേഷം അടിയൻെറ ആയുസ്സിലുണ്ടായിട്ടില്ല. നമ്മുടെ പശുക്കൾ മുഴുവനും ചത്തുപോയി."

അത്രയുംകൂടെ കേട്ടപ്പോൾ തിരുമേനിയുടെ മുഖം ദു:ഖവിവശമായി. ഹൃദയത്തിൻെറ ശക്തി ക്രമേണ ക്ഷയിച്ചുതുടങ്ങി.

"അതെങ്ങനെയാ ശങ്കു പശുക്കളെല്ലാം ഒന്നോടെ മരിച്ചതു്. ആ കണ്ണമ്മയും നീലിയും, ചന്ദ്രികയുമൊക്കെ എത്ര സ്നേഹമുള്ള പശുക്കളായിരുന്നു. അവയുടെ പാലിൻെറയും മോരിൻെറയും രുചി ഇപ്പോഴും നാക്കിൽനിന്നു പോയിട്ടില്ല. എടാ വല്ല കാലകടിയും കൊണ്ടാണോ എല്ലാം ചത്തതു്?"

"ഒന്നുമല്ല തിരുമേനീ! എരുത്തിലിനു മുഴുവനും തീപിടിച്ചു. ഒരെണ്ണമില്ലാതെ ചത്തു".

"എൻെറ ശങ്കു! വന്നപ്പോൾമുതൽ ഞാൻ ചോദിച്ചില്ലെ. ഇതൊന്നും പറയാഞ്ഞതു കഷ്ടമായിപ്പോയി. എരുത്തിലിനു തീ പിടിക്കാൻ കാരണം"?

"വല്യപുരയിൽനിന്നു പടർന്നുപിടിച്ചു." ശങ്കു പറഞ്ഞതു മുഴുവൻ അദ്ദേഹം കേട്ടില്ല. സംസാരിക്കണമെന്നുതോന്നിയെങ്കിലും കുറെ കഴിഞ്ഞാണു നാക്കുപൊങ്ങിയതു്.

"എടാ! തറവാട്ടുമുഴുവനും എരിഞ്ഞു ചാമ്പലായെന്നോ? ഇതൊക്കെ എങ്ങനെ സംഭവിച്ചു." തിരുമേനിയുടെ സംഭ്രമം ജിജ്ഞാസയുടെ മുഖവുരയായിരുന്നു.

"മററുള്ളവരെല്ലാം ജ്യേഷ്ഠൻ തിരുമനസ്സിലെ ചുടലസ്ഥലത്തായിരുന്നു. കാക്ക എണ്ണത്തിരിയോമററോ കൊണ്ടുവച്ചതാണു്" മുഖത്തുനോക്കിക്കൊണ്ടുതന്നെ, നീലകണ്ഠൻതിരുമേനിമരിച്ചുപോയെന്നു അനുജനോടു പറയുവാൻ ശങ്കുവിനൊരു സങ്കോചവും ഉണ്ടായില്ല.

"തിരുമേനി തലക്കു് ആഞ്ഞടിച്ചുകൊണ്ടു് ഒരു സീൽക്കാരത്തോടെ നിലത്തിരുന്നു. നിശബ്ദങ്ങളായ കുറെ നിമിഷങ്ങൾ വലിയ വൈഷമ്യങ്ങളൊന്നും കൂടാതെ തന്നെ കടന്നുപോയി.

"എന്തോന്നാ പറഞ്ഞതു്, ജ്യേഷ്ഠൻ മരിച്ചുപോയെന്നോ? അമ്പമ്പോ! ഇതെല്ലാം ഉള്ളിൽവച്ചുകൊണ്ടാണോ വിശേഷമൊന്നുമില്ലെന്നു പറഞ്ഞതു്?"

"തിരുമേനീ! ഇതെല്ലാം അടിയൻ തന്നെ എങ്ങനെയാണു പറയുന്നതു്? ഞാനും ഒരു മനുഷ്യനല്ലെ?"

"മരണത്തിനുള്ള കാരണം"

"പെട്ടെന്നുണ്ടായ ഒരാധി വ്യാധിയായതാണു്. അതോടെ വിഷംകുടിച്ചു മരിക്കുകയുംചെയ്തു."

"അദ്ദേഹത്തിനു് ആധി ഉണ്ടായെന്നോ? എന്തിന്റെ കുറവുകൊണ്ടു്?"

"ഒരു കുറവും സംഭവിച്ചിട്ടല്ല. മകളുകുഞ്ഞിനു് നാലുഞ്ചുമാസം..........

കാർമേഘത്തിലെ മിന്നൽപ്പിണരുപോലെ തിരുമേനിയുടെ മുഖത്തൊരു പ്രസാദം.

“കൊള്ളാം. എവിടെയാ അയച്ചത്? കുടുംബം നല്ലതാണോ? കൊച്ചൻ എങ്ങനാ?”

“അങ്ങിനെയൊക്കെ ആയിരുന്നെങ്കിൽ ആധിക്കിടവരുമോ തിരുമേനീ? അതിനൊക്കെ വളരെമുമ്പു തന്നെ അപമാനത്തിന്നിടവരുത്തിയെന്നു് പറഞ്ഞാമതിയല്ലോ?

അതുംകൂടെ കേട്ടപ്പോൾ തിരുമേനിയുടെ ശരീരം മരവിച്ചുപോയി. തലയാകെപ്പുകഞ്ഞുനീറി. ഐശ്വര്യസമൃദ്ധിയോടെ കഴിയുന്നെന്നു് സ്വപ്നം കണ്ടു കൊണ്ടിരുന്ന തറവാടു നാമാവിശേഷമായ കഥയുടെ ആരംഭമാണു് കിട്ടുവിൻെറ മരണം.

“എടാ ദ്രോഹീ! ആലങ്ങാട്ടുമനയ്ക്കലെ നാഴിയരി ഉപ്പുചേർത്തനുഭവിച്ച ഒരുത്തനെങ്കിലും ഉള്ളറയിരുന്നെങ്കിൽ ഇതൊന്നും സംഭവിക്കുകയില്ലായിരുന്നു!” തിരുമേനിയുടെ ഭാവഭേദം കണ്ടു ശങ്കു അല്പംകൂടെ പുറകോട്ടു മാറി.

“ശരിയാണു തിരുമേനീ! അങ്ങനെൊരുത്തനുണ്ടായിരുന്നെങ്കിൽ അതീശങ്കുവാണു്. അവൻ അറിയാതെ ഇതൊന്നും നടന്നിട്ടുമില്ല.”

വഞ്ചനയുടെ ആ ഭാണ്ഡക്കെട്ടു തല്ലിയുടക്കുവാൻ തിരുമേനി മുമ്പോട്ടു കുതിച്ചു. പക്ഷെ ശങ്കു പടിക്കപ്പുറം എത്തിക്കഴിഞ്ഞു.

(ശുഭം.)

സന്ദർശിക്കുവിൻ!

★ "ശ്രീകൃഷ്ണാ ലോഡ്ജ്" ★

മാക്കററ് റോഡ്, കാഞ്ഞിരപ്പള്ളി.

മാനേജർ:- കെ. കെ. പിള്ള.

മറക്കരുതേ!

റീഗൽ ബേക്കറി

മുണ്ടക്കയം.

*Please insist on*

MURPHY RADIOS

*Authorised Dealers*

to Mundakayam, Peermade

& Suberbs:

National Radio & Electric Co.,

MUNDAKAYAM.

Wiring Contractors & Electrical Dealers.

റോയൽ സോപ്പ് ഇൻഡസ്ട്രീസ്,

ബാബു ക്യാൻറിൽ വർക്ക്സ്

&

മൈത്രിസ്റ്റോഴ്സ്

കാഞ്ഞിരപ്പള്ളി.

---

ഉപയോഗിക്കുക?

വസ്ത്രങ്ങൾ ശ്രമം കൂടാതെ അലക്കുന്നതിന് **റോയൽ സോപ്പുകൾ!** നല്ല പ്രകാശം ലഭിക്കണമെങ്കിൽ **മഹാൾ ബ്രാൻഡ് മെഴുകുതിരികൾ!!** തുണിക്ക് ഏററവും വെണ്മ നല്കുന്ന **M. S. K. നീലം!!!** ആരോഗ്യത്തിന് ഉത്തമമായ **M. S. K. നല്ലെണ്ണ!!!!**

ROYAL SOAP INDUSTRIES,

BABU CANDLE WORKS

&

MYTHRE STORES

KANJIRAPALLY.

PRINTED AT
THE ORIENTAL PRINTING WORKS,
KANJIRAPALLY.

**KOTTAYAM PUBLIC LIBRARY**

KOTTAYAM.

Cl. No ...MF9...... Acc. No...84198......

This book should be returned on or before the date last stamped below.

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

17F9 84198

chi.u

[illegible]

മൈലാഞ്ചി